PALAKKAD

# Rupatha Bulletin



Editor
**Fr. Jaimon Pallineerakkal**

Printed, Published & Owned by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**
Kerala, 678 014, Ph: 0491- 25346

Reg. No. KERMAL14748/11/01/2011-TC

Single Copy - ₹ 16.50
Annual Subscription- ₹ 200

## ഉള്ളടക്കം

നോമ്പുകാല സന്ദേശം – മാർപാപ്പ............. 03
ഇടയലേഖനം സി.ബി.സി.ഐ...................... 10
സർക്കുലർ കെ.സി.ബി.സി.......................... 16
Bishop's Engagement.................................25
From the Bishop's Office............................26
നിത്യാരാധനാ കപ്പേള.................................. 28
വിശ്വാസപരിശീലനവേദി................................29
സ്റ്റാർസ്.......................................................34
ബൈബിൾ അപ്പോസ്റ്റലേറ്റ്.............................35
തിരുബാലസഖ്യം............................................35
അൾത്താരസംഘം.........................................37
കെ.സി.എസ്.എൽ........................................38
സി.എം.എൽ...............................................39
സി.എൽ.സി................................................40
കെ.സി.വൈ.എം..........................................41
ജീസസ് യൂത്ത്.............................................42
എ.കെ.സി.സി..............................................44
ഫാമിലി അപ്പോസ്റ്റലേറ്റ്.................................46
കുടുംബകൂട്ടായ്മ..........................................46
കരിസ്മാറ്റിക് വാർത്തകൾ...........................47
സെമിനാരി വാർത്തകൾ...............................48
വൊക്കേഷൻ ബ്യൂറോ...................................49
ജീസസ് ഫ്രറ്റേണിറ്റി......................................50
മദ്യവിരുദ്ധസമിതി.........................................50
എ.സി.സി.എച്ച്.............................................51
സെഹിയോൻ മിനിസ്ട്രീസ്............................52
പി.എസ്.എസ്.പി.........................................53
From the Bishop's Diary..............................58

# ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാലസന്ദേശം

*നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ. 5:8)*

**പ്രിയ സഹോദരീസഹോദരന്മാരേ,**

നോമ്പുകാലം മുഴുവൻ സഭയുടെയും നവീകരണകാലമാണ്, ഓരോ സമൂഹത്തിന്റെയും ഓരോ വിശ്വാസി യുടെയും നവീകരണകാലം. സർവോപരി അത് "കൃപാവരത്തിന്റെ കാലമാണ്" (2 കോറി 6:2). ദൈവം ആദ്യം നമുക്കു നല്കാത്തതൊന്ന് നമ്മിൽനിന്ന് ആവശ്യപ്പെടുന്നില്ല. "അവിടന്ന് ആദ്യം നമ്മെ സ്നേഹിച്ചു. അതുകൊണ്ട് നാം അവിടത്തെ സ്നേഹിക്കുന്നു" (1 യോഹ 4:19). അവിടന്ന് നമ്മിൽ നിന്ന് അകന്നു നില്ക്കുന്നില്ല. അവിടത്തെ ഹൃദയത്തിൽ നമുക്ക് ഓരോരുത്തർക്കും സ്ഥാനമുണ്ട്. അവിടന്ന് നമ്മുടെ പേര് അറിയുന്നു. അവിടന്ന് നമ്മെ കാത്തുസൂക്ഷിക്കുന്നു. നാം അവിടന്നിൽ നിന്ന് അകന്നുപോകുമ്പോൾ അന്വേഷിച്ചുവരുന്നു. നമ്മിൽ ഓരോ വ്യക്തിയെ സംബന്ധിച്ചും അവിടത്തേക്കു താത്പര്യമുണ്ട്. നമുക്കു സംഭവിക്കുന്നതിനെ സംബന്ധിച്ച് നിസ്സംഗത പുലർത്താൻ അവിടത്തെ സ്നേഹം അവിടത്തെ അനുവദിക്കുന്നല്ല. സാധാരണമായി, നമ്മൾ ആരോഗ്യവും സ്വസ്ഥതയുമുള്ളവരായിരിക്കുമ്പോൾ മറ്റുള്ളവരെ മറക്കുന്നു (പിതാവായ ദൈവം ഒരിക്കലും ചെയ്യാത്ത കാര്യമാണത്). അവരുടെ പ്രശ്നങ്ങളിലും സഹനങ്ങളിലും അവർ അനുഭവിക്കുന്ന അനീതികളിലും നമുക്കു താത്പര്യമില്ലാതാകുന്നു. നമ്മുടെ ഹൃദയം തണുത്തതായിത്തീരുന്നു. എനിക്ക് ആരോഗ്യവും സ്വസ്ഥതയും ഉള്ളപ്പോൾ മറ്റുള്ളവരുടെ ഇല്ലായ്മകളെപ്പറ്റി ഞാൻ ചിന്തിക്കുന്നില്ല. ഇന്ന് നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോളവ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോളവത്കരണമെന്നു നമുക്കു പറയാൻ തക്കവിധം അത് വ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവരെന്ന നിലയിൽ നാം നേരിടേണ്ട പ്രശ്നമാണിത്.

ദൈവജനം ദൈവത്തിലേക്കു തിരിയുമ്പോൾ, ചരിത്രം നിരന്തരം ഉയർത്തുന്ന ചോദ്യങ്ങൾക്കു ഉത്തരം നല്കാൻ അവർക്കു കഴിയും. ഈ സന്ദേശത്തിൽ ഞാൻ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത് ഏറ്റവും അടിയന്തിരസ്വഭാവമുള്ള നിസ്സംഗതയുടെ ആഗോളവത്കരണമെന്ന വെല്ലുവിളിയാണ്.





അയൽക്കാരനോടും ദൈവത്തോടും നിസ്സംഗത പുലർത്തുകയെന്നത് ക്രിസ്ത്യാനികൾക്കും ഒരു യഥാർത്ഥ പ്രലോഭനമാണ്. വിളിച്ചുപറയുകയും നമ്മുടെ മനസ്സാക്ഷിയെ അസ്വസ്ഥതപ്പെടുത്തുകയും ചെയ്യുന്ന പ്രവാചകരുടെ ശബ്ദം ഓരോ വർഷവും നോമ്പുകാലത്ത് നാം വീണ്ടും കേൾക്കണം.

ദൈവം നമ്മുടെ ലോകത്തെ സംബന്ധിച്ച് നിസ്സംഗത പുലർത്തുന്നില്ല. തന്റെ പുത്രനെ നമ്മുടെ രക്ഷയ്ക്കായി നല്കത്തക്കവിധത്തിൽ അവിടന്ന് ലോകത്തെ സ്നേഹിച്ചു. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലും ഭൗമികജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള, സ്വർഗത്തിനും ഭൂമിക്കും ഇടയ്ക്കുള്ള കവാടം എന്നേക്കുമായി തുറക്കപ്പെടുന്നു. ഈ കവാടം തുറന്നുപിടിച്ചിരിക്കുന്ന കൈപോലെയാണു സഭ. അവളുടെ ദൈവവചനപ്രഘോഷണവും കൂദാശകളുടെ ആഘോഷവും സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന അവളുടെ വിശ്വാസസാക്ഷ്യവും മൂലം (cf ഗല. 5:6) അപ്രകാരമായിരിക്കുന്നു. എന്നാൽ, ലോകം തന്നിലേക്കു തന്നെ ചുരുങ്ങാനുള്ള പ്രവണത കാണിക്കുന്നു. ദൈവം ലോകത്തിലേക്കു കടക്കുന്നതായ കവാടം അടയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് സഭയാകുന്ന കരം നിരസിക്കപ്പെടുകയോ ഞെരുക്കപ്പെടുകയോ മുറിവേല്പിക്കപ്പെടുകയോ ചെയ്യുമ്പോൾ സഭ ഒരിക്കലും വിസ്മയിക്കേണ്ടതില്ല.

അപ്പോൾ ദൈവജനത്തിന് ഈ ആന്തരിക നവീകരണം ആവശ്യമാണ്. നമ്മൾ നിസ്സംഗരും നമ്മിലേക്കുതന്നെ ചുരുങ്ങുന്നവരുമാകാതിരിക്കാൻ വേണ്ടിയാണത്. ഈ നവീകരണത്തെ വികസിപ്പിക്കാൻ നമ്മുടെ വിചിന്തനത്തിനായി മൂന്നു ബൈബിൾ പാഠങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു" (1 കോറി. 12:26)**

നിസ്സംഗതയെന്ന നമ്മിലേക്കു തന്നെയുള്ള നാശകരമായ പിന്തിരിയലിലേക്ക് ദൈവസ്നേഹം കടന്നുവരുന്നു. സഭ ഈ ദൈവസ്നേഹത്തെ പ്രബോധനം വഴിയും പ്രത്യേകിച്ച് സാക്ഷ്യം വഴിയും നമുക്കു നല്കുന്നു. എന്നാൽ നാം അനുഭവിച്ചതിനു സാക്ഷ്യം നല്കാനേ നമുക്കു കഴിയുകയുള്ളൂ. ദൈവം ക്രിസ്തുവിനോടൊപ്പം നന്മയും കാരുണ്യവും അണിയിച്ചവരാണു ക്രൈസ്തവർ. ക്രിസ്തുവിനെപ്പോലെ ദൈവത്തിന്റെയും മറ്റുള്ളവരുടെയും

ദാസരാകാൻ വേണ്ടിയാണത്. ഈ വസ്തുത പെസഹാ വ്യാഴാഴ്ച യിലെ ലിറ്റർജിയിൽ കാണാം. കാൽകഴുകൽ എന്ന അനുഷ്ഠാനം അതോടൊപ്പമുണ്ട്. യേശു തന്റെ കാലുകഴുകണമെന്ന് പത്രോസ് ആഗ്രഹിച്ചില്ല. എന്നാൽ അദ്ദേഹം ഒരു വസ്തുത മനസ്സിലാക്കി. നമ്മൾ പരസ്പരം കാലുകൾ കഴുകുന്നതിന്റെ മാതൃക മാത്രമായിരിക്കാനല്ല യേശു ആഗ്രഹിച്ചതെന്നതാണ് ആ വസ്തുത. തങ്ങളുടെ കാലുകൾ കഴുകാൻ യേശുവിനെ അനുവദിച്ചവർക്കു മാത്രമേ മറ്റുള്ളവർക്കായി ഈ സേവനം ചെയ്തുകൊടുക്കാൻ കഴിയുകയുള്ളൂ. അവർക്കു മാത്രമേ അവിടത്തോടൊപ്പം പങ്ക് ഉണ്ടായിരിക്കാനും (യോഹ 13:8), അങ്ങനെ മറ്റുള്ളവരെ സേവിക്കാനും കഴിയുകയുള്ളൂ.

നമ്മെ സേവിക്കാൻ ക്രിസ്തുവിനെ അനുവദിക്കാനും അങ്ങനെ നമ്മൾ കൂടുതലായി അവിടത്തെപ്പോലെ ആയിത്തീരാനും അനുകൂലമായ ഒരു കാലമാണ് നോമ്പുകാലം. നാം ദൈവവചനം കേൾക്കുമ്പോഴെല്ലാം, കൂദാശകൾ, പ്രത്യേകിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴെല്ലാം ഇതു സംഭവിക്കുന്നു. അവിടെ നാം സ്വീകരിക്കുന്നതെന്തോ അത് ആയിത്തീരുന്നു. ക്രിസ്തുവിന്റെ ശരീരമായിത്തീരുന്നു. മിക്കപ്പോഴും നമ്മുടെ ഹൃദയങ്ങളെ പിടികൂടുന്നതായി തോന്നുന്ന നിസ്സംഗതയ്ക്ക് ഈ ശരീരത്തിൽ സ്ഥാനമില്ല. എന്തെന്നാൽ ക്രിസ്തുവിന്റേതായിരി ക്കുന്നവരെല്ലാം ഒരേ ശരീരത്തിന്റേതാണ്. അവിടന്നിൽ നമുക്കു പരസ്പരം നിസ്സംഗരായിരിക്കാൻ സാധ്യമല്ല. "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കു ന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു" (1 കോറി 12:26).

സഭ പുണ്യാവാന്മാരുടെ കൂട്ടായ്മ (communio sanctorum) ആയിരിക്കുന്നത് സഭയുടെ വിശുദ്ധർമൂലം മാത്രമല്ല. പിന്നെയോ അവളുടെ വിശുദ്ധ വസ്തുക്കളിലുള്ള കൂട്ടായ്മ മൂലവുമാണ്: ക്രിസ്തുവിൽ നമുക്ക് വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹവും അവിടത്തെ സകല ദാനങ്ങളും മൂലമാണ്. ഈ സ്നേഹത്താൽ സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവരുടെ പ്രത്യുത്തരവും ഈ ദാനങ്ങളിൽ ഉൾപ്പെടുന്നുണ്ട്. വിശുദ്ധരുടെ ഈ സംസർഗത്തിൽ, വിശുദ്ധ വസ്തുക്കളുടെ ഈ പങ്കുചേരലിൽ ഒരുവനും ഒരു വസ്തുവും സ്വന്തമായി കൈയടക്കുന്നില്ല. പിന്നെയോ എല്ലാവരുമായി പങ്കുവയ്ക്കുന്നു. നാം ദൈവത്തിൽ ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് നമ്മിൽ നിന്ന് ഏറെ അകലത്തിലുള്ളവർക്കുവേണ്ടി, തനിയേ നമുക്കു





എത്തിച്ചേരാൻ സാധിക്കാത്തവർക്കുവേണ്ടി, നമുക്കു ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. എന്തെന്നാൽ, ദൈവത്തിന്റെ രക്ഷാപദ്ധതിക്ക് എല്ലാവരും തുറവുള്ളവരായിരിക്കാൻ അവരോടൊപ്പവും അവർക്കുവേണ്ടിയും നാം ദൈവത്തോട് യാചിക്കുന്നു.

**2. നിന്റെ സഹോദരൻ എവിടെ? (ഉത്പ 4:9): ഇടവകകളും സമൂഹങ്ങളും**

സാർവത്രികസഭയെക്കുറിച്ചു നാം പറഞ്ഞുകൊണ്ടിരുന്നതെല്ലാം ഇപ്പോൾ നമ്മുടെ ഇടവകകളുടെയും സമൂഹങ്ങളുടെയും ജീവിതത്തെ സംബന്ധിച്ച് പ്രയോഗിക്കണം. നമ്മൾ ഒറ്റശരീരത്തിന്റെ ഭാഗമാണെന്ന അനുഭവം നമുക്കുണ്ടാകാൻ ഈ സഭാസംവിധാനങ്ങൾ നമ്മെ ശക്തരാക്കുന്നുണ്ടോ? ദൈവം തരാൻ ആഗ്രഹിക്കുന്നത് സ്വീകരിക്കു കയും പങ്കുവയ്ക്കുകയും ചെയ്യുന്ന ശരീരമാണോ അത്? ഏറ്റവും ദുർബലരായവരെയും ഏറ്റവും ദരിദ്രരായവരെയും ഏറ്റവും നിസ്സാരരായവരെയും അംഗീകരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ശരീരമാണോ അത്? അതോ നമ്മൾ അടയ്ക്കപ്പെട്ട നമ്മുടെ കതകുകളുടെ മുമ്പിലിരിക്കുന്ന ലാസറിനെ കാണുന്നതിൽ പരാജയ പ്പെട്ടുകൊണ്ട് ലോകം മുഴുവനെയും ആശ്ലേഷിക്കുന്ന സാർവത്രിക സ്നേഹത്തിൽ അഭയം തേടുകയാണോ? (ലൂക്കാ 16:19-31).

ദൈവം നമുക്കു നല്കുന്നതു സ്വീകരിക്കുകയും അതിനെ ഫല സമൃദ്ധിയുള്ളതാക്കുകയും ചെയ്യുന്നതിന് നമ്മൾ ദൃശ്യസഭയുടെ അതിരുകൾക്കപ്പുറത്തേക്ക് രണ്ടുവിധത്തിൽ കടന്നുചെല്ലണം.

ഒന്നാമതായി, നാം പ്രാർത്ഥനയിൽ സ്വർഗത്തിലുള്ള സഭയോട് ഐക്യപ്പെട്ടുകൊണ്ട് അങ്ങനെ ചെയ്യണം. ഭൗമികസഭയുടെ പ്രാർത്ഥ നകൾ പരസ്പരസേവനത്തിന്റെയും നന്മയുടെയും കൂട്ടായ്മ സ്ഥാപി ക്കുന്നു. അത് ദൈവത്തിന്റെ ദിവ്യദൃഷ്ടിയിൽ എത്തിച്ചേരുന്നു. ദൈവത്തിൽ തങ്ങളുടെ സാക്ഷാത്കാരം കണ്ടെത്തിയ വിശുദ്ധരോ ടൊന്നിച്ച് നാം ആ കൂട്ടായ്മയുടെ ഭാഗമായിത്തീരുന്നു. അതിൽ നിസ്സംഗത സ്നേഹത്താൽ കീഴടക്കപ്പെടുന്നു. സ്വർഗത്തിലെ സഭ വിജയസഭയായിരിക്കുന്നത് ഭൂമിയിലെ സഹനങ്ങളിൽ നിന്നു പുറംതിരിഞ്ഞിരുന്ന് പ്രകാശമാനമായ ഏകാന്തത ആസ്വദിക്കുന്നതു കൊണ്ടല്ല. പിന്നെയോ വിശുദ്ധർ ഒരു വസ്തുതയെക്കുറിച്ച് സന്തോഷപൂർവം ധ്യാനിക്കുന്നതുകൊണ്ടാണ്. യേശുവിന്റെ മരണവും ഉത്ഥാനവും വഴി അവർ എന്നേക്കുമായ നിസ്സംഗതയെയും ഹൃദയകാഠിന്യത്തെയും വിദ്വേഷത്തെയും കീഴടക്കിയെന്നതാണ് ആ

വസ്തുത. സ്നേഹത്തിന്റെ ഈ വിജയം ലോകം മുഴുവനിലും വ്യാപിക്കുന്നതുവരെ വിശുദ്ധർ നമ്മുടെ തീർത്ഥാടന മാർഗത്തിൽ നമ്മോടൊപ്പം സഞ്ചരിക്കുന്നു. ഭൂമിയിൽ ഏതെങ്കിലും ഒരു വ്യക്തി സഹിക്കുകയും വേദനിച്ചു കരയുകയും ചെയ്യുന്നിടത്തോളം കാലം ക്രൂശിതസ്നേഹത്തിന്റെ വിജയത്തെക്കുറിച്ച് സ്വർഗത്തിലെ സന്തോഷം അപൂർണമായിരിക്കുമെന്ന ബോധ്യം സഭാപണ്ഡിതയായ ലിസ്യൂവിലെ വിശുദ്ധ തെരേസ പ്രകാശിപ്പിച്ചിട്ടുണ്ട്. “സ്വർഗത്തിൽ ഞാൻ അലസതയോടെയിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സഭയ്ക്കും ആത്മക്കൾക്കും വേണ്ടിയുള്ള ജോലി തുടരണമെന്നാണ് എന്റെ ആഗ്രഹം” എന്നു അവൾ പറയുന്നു (എഴുത്ത് 254, ജൂലൈ 14, 1897).

സമാധാനത്തിനും അനുരഞ്ജനത്തിനുമുള്ള നമ്മുടെ സമരത്തിലും ആഗ്രഹത്തിലും വിശുദ്ധർ പങ്കുചേരുമ്പോഴും നം അവരുടെ യോഗ്യതകളിലും സന്തോഷത്തിലും പങ്കുചേരുന്നു. നമ്മുടെ നിസ്സംഗതയെയും ഹൃദയകഠിന്യത്തെയും കീഴടക്കാൻ നാം പരിശ്രമിക്കുമ്പോൾ ഉത്ഥിതനായ ക്രിസ്തുവിന്റെ വിജയത്തിലുള്ള അവരുടെ സന്തോഷം നമുക്കു ശക്തി നല്കുന്നു.

രണ്ടാമതായി, ഓരോ ക്രൈസ്തവസമൂഹത്തിനും ഒരു വിളിയുണ്ട്. തന്നിൽനിന്നു പുറത്തുകടക്കാനും അത് ഏതിന്റെ ഭാഗമായിരിക്കുന്നുവോ ആ വിപുലസമൂഹത്തിന്റെ ജീവിതത്തിൽ, പ്രത്യേകിച്ച് ദരിദ്രരുടെയും അകലങ്ങളിലും അതിരുകളിലുള്ളവരുടെയും ജീവിതത്തിൽ, വ്യാപരിക്കാനുള്ള വിളിയാണത്. സഭ പ്രകൃത്യാ പ്രേഷിതയാണ്. അവൾ ഒരിക്കലും തന്നിൽത്തന്നെ അടച്ചുപൂട്ടിയിരിക്കുന്നില്ല. പിന്നെയോ ഓരോ ദേശത്തേക്കും ജനതയിലേക്കും അയയ്ക്കപ്പെട്ടവളാണ്.

സൃഷ്ടി മുഴുവനെയും ഓരോ മനുഷ്യവ്യക്തിയെയും പിതാവിങ്കലേക്കു നയിക്കാൻ ആഗ്രഹിക്കുന്ന ഏകപുത്രന് ക്ഷമാപൂർവം സാക്ഷ്യം വഹിക്കുകയെന്നതാണ് സഭയുടെ ദൗത്യം. ഓരോ സ്ത്രീയിലേക്കും പുരുഷനിലേക്കും ഭൂമിയുടെ ഓരോ അതിരിലേക്കും നയിക്കുന്ന വഴികളിലൂടെ സഭ യേശുക്രിസ്തുവിനെ അനുഗമിക്കുന്നു (cf അപ്പ 1:8). നമ്മുടെ ഓരോ അയൽവാസിയിലും, ക്രിസ്തു ആർക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തുവോ ആ സഹോദരനെയും സഹോദരിയെയും കണ്ടെത്തണം. നാം സ്വീകരിച്ചത് അവർക്കുംകൂടി വേണ്ടി സ്വീകരിച്ചതാണ്. അതുപോലെ, നമ്മുടെ സഹോദരീ





സഹോദരന്മാർക്കുള്ളതെല്ലാം സഭയ്ക്കും മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള ദാനമാണ്.

പ്രിയ സഹോദരീസഹോദരന്മാരേ, സഭ സന്നിഹിതമായിരിക്കുന്ന എല്ലാസ്ഥലങ്ങളും, പ്രത്യേകിച്ച് ഇടവകകളും സമൂഹങ്ങളും നിസ്സംഗതയുടെ സമുദ്രത്തിൽ കാരുണ്യത്തിന്റെ ദ്വീപുകളായിരിക്കണമെന്ന് എത്ര തീവ്രമായി ഞാൻ ആഗ്രഹിക്കുന്നു!

**3. നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ 5:8): ഓരോ ക്രൈസ്തവനും**

വ്യക്തികളെന്ന നിലയിലും നാം നിസ്സംഗതയാൽ പ്രലോഭിപ്പിക്കപ്പെടുന്നു. മാനുഷികസഹനത്തിന്റെ വാർത്തകളും റിപ്പോർട്ടുകളും ചിത്രങ്ങളും ജലപ്രളയം പോലെ വരുന്നു. അപ്പോൾ സഹായിക്കാൻ നമുക്ക് ഒട്ടും കഴിവില്ലെന്നു തോന്നിപ്പോകും. അസ്വസ്ഥതയുടെയും ശക്തിരാഹിത്യത്തിന്റെയും പിടിയിൽ നിന്നു മാറി നില്ക്കാൻ നമുക്കു എങ്ങനെ കഴിയും?

ഒന്നാമതായി, ഭൂമിയിലും സ്വർഗത്തിലുമുള്ള സഭയുമായുള്ള സംസർഗത്തിൽ നമുക്കു പ്രാർത്ഥിക്കാൻ കഴിയും. പ്രാർത്ഥനയിൽ ഐക്യപ്പെട്ട അനേകം ശബ്ദങ്ങളുടെ ശക്തിയെ നാം വിലകുറച്ചു കാണരുത്. “ഇരുപത്തിനാലു മണിക്കൂർ കർത്താവിനുവേണ്ടി” എന്ന സംരംഭം പ്രാർത്ഥനയുടെ ഈ ആവശ്യം സൂചിപ്പിക്കുന്ന അടയാളമായിരിക്കാനുള്ളത്. അത് മാർച്ച് 13,14 തീയതികളിൽ സഭ മുഴുവനിലും, രൂപാതാതലത്തിലും നടപ്പാക്കുമെന്നു ഞൻ പ്രത്യാശിക്കുന്നു.

രണ്ടാമതായി, പരസ്നേഹപ്രവൃത്തികൾ വഴി സഹായിക്കാൻ നമുക്കു സാധിക്കും. സഭയുടെ അനേകം ജീവകാരുണ്യസംഘടനകളിലൂടെ അടുത്തും അകലെയുമുള്ളവരിലേക്ക് എത്തിച്ചേർന്ന് അങ്ങനെ ചെയ്യാൻ കഴിയും. ഏക മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന് വ്യക്തമാക്കാനുള്ള ചെറുതും എന്നാലും മൂർത്തവുമായ അടയാളങ്ങൾ വഴി മറ്റുള്ളവരോടുള്ള താത്പര്യം കാണിക്കാൻ അനുകൂലകാലഘട്ടമാണ് നോമ്പുകാലം.

മൂന്നാമതായി, മറ്റുള്ളവരുടെ സഹനം മാനസാന്തരത്തിലേക്കുള്ള ഒരു വിളിയാണ്. എന്റെ ജീവിതത്തിന്റെ അനിശ്ചിതത്വവും ദൈവത്തിലും സഹോദരീസഹോദരന്മാരിലുമുള്ള എന്റെ ആശ്രിതാവസ്ഥയും അവരുടെ ആവശ്യം എന്നെ ഓർമ്മിപ്പിക്കുന്നു. നമ്മൾ വിനയപൂർവം ദൈവകൃപയ്ക്കായി അപേക്ഷിക്കുകയും നമ്മുടെ പരിമിതികൾ അംഗീകരിക്കുകയും ചെയ്താൽ ദൈവം നമുക്ക് നല്കുന്ന അനന്ത

സാധിതകളെക്കുറിച്ച് നമുക്ക് ആത്മവിശ്വാസമുണ്ടാകും. ലോകത്തെയും നമ്മെത്തന്നെയും നമ്മുടെ പരിശ്രമങ്ങൾകൊണ്ട് രക്ഷിക്കാൻ കഴിയുമെന്ന തോന്നലാകുന്ന പൈശാചിക പ്രലോഭനത്തെ തടഞ്ഞുനിറുത്താനും നമുക്കു കഴിയും.

നിസ്സംഗതയെയും സ്വയംപര്യാപ്തതയെക്കുറിച്ചുള്ള തോനനലുകളെയും കീഴടക്കാൻ, ഹൃദയരൂപീകണമെന്ന് ബെനഡിക്ട് 16-ാമൻ വിളിച്ച (cf ദൈവം സ്നേഹമാകുന്നു 31) പ്രക്രിയയിൽ ഏർപ്പെടാനുള്ള ഒരവസരമായി ഈ നോമ്പുകാലം ചെലവഴിക്കാൻ എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാരുണ്യമുള്ള ഹൃദയം എന്നതിന്റെ അർത്ഥം ദുർബലഹൃദയമെന്നല്ല. കാരണ്യമുള്ളവരാകാൻ ആഗ്രഹിക്കുന്ന ഏതു വ്യക്തിയും ശക്തിയും സ്ഥിരതയുമുള്ള ഹൃദയമുണ്ടായിരിക്കണം. അത് പ്രലോഭകനെതിരേ അടഞ്ഞതും ദൈവത്തിന്റെ നേരേ തുറന്നതുമായിരിക്കണം. സഹോദരീസഹോദരന്മാരിലേക്കുള്ള വഴിയിൽ സ്നേഹംകൊണ്ടുവരുവാൻ പരിശുദ്ധാത്മാവിനാൽ കുത്തിത്തുറക്കപ്പെടാൻ സ്വയം അനുവദിക്കുന്ന ഹൃദയമായിരിക്കണം. ആത്യന്തികമായി ഒരു പാവപ്പെട്ട ഹൃദയമായിരിക്കണം. സ്വന്തം ദാരിദ്ര്യം അറിയുന്നതും മറ്റുള്ളവർക്കായി സ്വയം ദാനം നല്കുന്നതുമായിരിക്കണം.

അതുകൊണ്ട്, സഹോദരീസഹോദരന്മാരേ, നമുക്ക് എല്ലാവർക്കും കർത്താവിനോട് ഇങ്ങനെ പ്രാർത്ഥിക്കാം. ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ ഹൃദയത്തിനൊത്തതാക്കണമേ (ഈശോയുടെ തിരുഹൃദയത്തിന്റെ ലുത്തീനിയ). ഇങ്ങനെ ഉറപ്പുള്ളതും കരുണാർദ്രവും ശ്രദ്ധാപൂർവകവും ഉദാരതാപൂർണവുമായ ഒര ഹൃദയം നാം സ്വീകരിക്കും. അടയ്ക്കപ്പെടാത്തതും നിസ്സംഗതയുടെ ആഗോളവത്കരണത്തോട് നിസ്സംഗത പുലർത്തുകയോ അതിന്റെ ഇരയാവുകയോ ചെയ്യാത്തതുമായ ഹൃദയം നമുക്കുണ്ടാകും.

ഓരോ വിശ്വസിക്കും ഓരോ സഭാസമൂഹത്തിനും ഈ നോമ്പുകാലം ആധ്യാത്മികമായി ഫലപൂർണമാകുമെന്ന് ഞാൻ പ്രാർത്ഥനാപൂർവം പ്രത്യാശിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ. കന്യകാമാതാവ് നിങ്ങളെ കാത്തുസൂക്ഷിക്കട്ടെ.

**ഫ്രാൻസിസ് മാർപാപ്പ**





# ഇടയലേഖനം

അഭിവന്ദ്യ മെത്രാപ്പോലീത്തമാരേ, മെത്രാന്മാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ,

*നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധനാമത്തിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ആശംസകൾ!*

ഭാരതത്തിന്റെ 66-ാമത് റിപ്പബ്ലിക്ദിനം ആഘോഷിച്ചതേ ഉള്ളൂ. റിപ്പബ്ലിക് ദിനാഘോഷത്തിൽ മുഖ്യാതിഥിയായി അമേരിക്കൻ പ്രസിഡന്റ് സന്നിഹിതനായിരുന്നുവെന്നത് ആഘോഷങ്ങളെ പ്രത്യേകം ശ്രദ്ധേയമാക്കി. ഈ സന്ദർഭത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ന്യൂഡൽഹിയിൽ 2015 ജനുവരി 20-ന് സിബിസിഐ സെന്ററിൽ വച്ചു നടന്ന ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസ് സംഘടിപ്പിച്ച പ്രത്യേക ആലോചനായോഗത്തിൽ ഉരുത്തിരിഞ്ഞ ചിന്തകളാണ് നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ ആലോചനായോഗത്തിൽ കർദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ്, കർദിനാൾ ജോർജ് ആലഞ്ചേരി, കർദിനാൾ ടെലെസ്ഫോർ റ്റോപ്പോ എന്നിവരും ഞാനും ഉൾപ്പെടെ ഭാരതത്തിലെ നാലു കർദിനാൾമാർ സംബന്ധിച്ചു. സിബിസിഐയുടെ കാര്യനിർവാഹകരുമുണ്ടായിരുന്നു. കൂടാതെ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (CCI), കോൺഫ്രൻസ് ഓഫ് റിലീജിയസ് ഇന്ത്യ (CRI), ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ (AICU), ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് (ICYM), എന്നിവയുടെ പ്രതിനിധികളും നിയമവിദഗ്ധരും മനുഷ്യാവകാശ പ്രവർത്തകരും സാമൂഹിക പ്രവർത്തകരും സംബന്ധിച്ചിരുന്നു. ഈ ആലോചനായോഗത്തിനുശേഷം ഡൽഹിയിലും പരിസരപ്രദേശങ്ങളിലുമുള്ള മറ്റു ക്രൈസ്തവസഭകളുടെ നേതാക്കളുമായി (NCCI, EFI) കൂടിയാലോചന നടത്തി.

നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തു നടന്ന ഞെട്ടിക്കുന്ന ചില സംഭവങ്ങൾ ന്യൂനപക്ഷസമൂഹങ്ങളുടെ പ്രത്യേകിച്ച് ക്രൈസ്തവസമൂഹത്തിന്റെ വികാരങ്ങളെ മുറിപ്പെടുത്തുകയും നമ്മുടെ രാഷ്ട്രത്തിന്റെ മതനിരപേക്ഷ സംവിധാനത്തിലുള്ള വിശ്വാസത്തെ പിടിച്ചു കുലുക്കുകയും ചെയ്തിട്ടുണ്ട് എന്നു

വിലയിരുത്തപ്പെട്ടു. ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ഒഡീഷ, ഉത്തർപ്രദേശ്, ഡൽഹി എന്നിവിടങ്ങളിൽ പള്ളികൾക്കും വൈദികർക്കും അല്മായർക്കും എതിരേ ഉണ്ടായ പരിഭ്രാന്തിജനകമായ സംഭവങ്ങൾ ക്രൈസ്തവസമൂഹത്തിന് വലിയ ഉത്കണ്ഠയ്ക്കു കാരണമായിരിക്കുന്നു. "പുനർമതപരിവർത്തന"ത്തിന്റെ പേരിൽ നടക്കുന്ന വാദപ്രതിവാദങ്ങൾ ഇന്ത്യയ്ക്കു നിഷേധാത്മക പ്രതിഛായയാണ് സൃഷ്ടിക്കുന്നത്. സമുദായധ്രുവീകരണവും ഇന്ത്യയെ ഏകജാതീയമാക്കാനുള്ള ആഹ്വാനവും എല്ലാ ന്യൂനപക്ഷങ്ങൾക്കും- സ്ത്രീകൾക്കും ദളിതർക്കും, ഭാഷാപരമായും സാംസ്കാരികമായും മതപരമായും ന്യൂനപക്ഷങ്ങളായിട്ടുള്ള എല്ലാവർക്കും ഭീഷണി ഉയർത്തുകയാണ്. കൂടാതെ, അടുത്തകാലത്തുണ്ടായ പല ബില്ലുകളും ഓർഡിനൻസുകളും പാവപ്പെട്ട കർഷകർ, മീൻപിടിത്തക്കാർ, തൊഴിലാളികൾ, ദളിതർ, ഗോത്രവർഗങ്ങൾ, മറ്റുള്ള പാർശ്വവത്കൃതസമൂഹങ്ങൾ എന്നിവരുടെ ജീവിതത്തെയും ജീവസന്ധാരണത്തെയും ദുർബലപ്പെടുത്തുമെന്ന് വിലയിരുത്തപ്പെടുന്നു.

"ഘർ വാപസി" പരിപാടികളും വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും "കാവിവത്ക്കരിക്ക"ലും ഹിന്ദു രാഷ്ട്രത്തിനുവേണ്ടിയുള്ള മുറവിളികളും നമ്മുടെ പ്രിയപ്പെട്ട രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവത്തെ വെല്ലുവിളിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ "കാവിവത്ക്കരണം" വരുംതലമുറക്ക് ഒരു ബൗദ്ധിക ഭീഷണിയാണ്. മതപരിവർത്തനം ഒരുവന്റെ സ്വതന്ത്രമനസ്സിന്റെയും ഭരണഘടനാപരവും മൗലികവുമായ അവകാശത്തിന്റെയും മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും പ്രയോഗമാണ്. എന്നാൽ "ഘർ വാപസി" യെന്നത് ഒരു രാഷ്ട്രീയ പ്രക്രിയയാണ്. മതദേശീയവാദത്തിന്റെ ശക്തരായ വക്താക്കളാണ് അതു നടത്തുന്നത്. അത് മതനിരപേക്ഷതയുടെ തത്ത്വത്തിന് ഏറെ വിരുദ്ധവുമാണ്.

നമ്മുടെ രാജ്യത്തെ എല്ലാ പൗരന്മാർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പു നല്കുന്നുണ്ട്. ദീർഘകാലമായി വ്യത്യസ്തമതങ്ങൾ തഴച്ചുവളർന്ന രാജ്യമാണ് ഇന്ത്യ. എല്ലാവരുടെയും അവകാശങ്ങൾ - മതവിശ്വാസമോ ലിംഗഭേദമോ ജാതിയോ പരിഗണിക്കാതെ - സുരക്ഷിതമാക്കാൻ നമ്മുടെ രാഷ്ട്രത്തിന്റെ സ്ഥാപകപിതാക്കന്മാർ സവിശേഷമായി പരിശ്രമിച്ചി





ട്ടുണ്ട്. മതസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന ഒരു മനുഷ്യാവകാശമാണ്. ഇത് ജനാധിപത്യപരമായ ഒരു മൂല്യവും ഭരണഘടന ഉറപ്പുനല്കുന്ന മൗലികാവകാശവുമാണ്.

രണ്ടായിരത്തോളം വർഷമായി, ക്രിസ്തുമതം ഭാരതത്തിൽ വേരുറച്ചിട്ട്. ക്രൈസ്തവരായ നാം ദൈവത്തിലും മനുഷ്യനന്മയിലും വിശ്വസിക്കുന്നവരാണ്. വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹിക വികസനം മുതലായവയുടെ മണ്ഡലങ്ങളിൽ നാം ഈ രാജ്യത്തെ നിസ്വാർത്ഥമായി സേവിച്ചുപോരുന്നുണ്ട്. ജാതിയോ വിശ്വാസമോ മതമോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള യാതൊരു വിവേചനവും കൂടാതെയാണ് അങ്ങനെ ചെയ്യുന്നത്.

നമ്മുടെ മാതൃരാജ്യത്ത് നമ്മൾ സുരക്ഷിതരായിരിക്കുമെന്ന ഉറപ്പ്, ഈ രാജ്യത്തെ ക്രൈസ്തവരായ നമുക്ക് ഗവർമെന്റിൽ നിന്ന് ലഭിക്കണം. മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്കുള്ള തീവ്രമായ ഉത്കണ്ഠ നമ്മൾ രേഖപ്പെടുത്തുന്നു. എല്ലാ മതങ്ങളിൽപ്പെട്ടവരും സാംസ്കാരിക പശ്ചാത്തലമുള്ളവരും സ്വതന്ത്രരായി ഭയമോ ഭീഷണിയോ ഇല്ലാതെ സ്വന്തം മതവും വിശ്വാസവും അനുസരിച്ച് ഐക്യത്തോടെ ജീവിക്കുന്ന ഒരു രാജ്യമായിരിക്കണം വരുംനാളുകളിലും മഹത്തായ ഈ മതനിരപേക്ഷ രാജ്യം. മാതൃരാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും നമ്മൾ നമ്മെത്തന്നെ സമർപ്പിക്കുന്നു. അതോടൊപ്പം ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ മുമ്പിൽ സുശക്തവും നിർബന്ധപൂർവകവുമായ ഒരഭ്യർത്ഥന സമർപ്പിക്കുന്നു. ഈ മതനിരപേക്ഷ രാഷ്ട്രത്തിന്റെ ഐക്യത്തിന് വലിയ ഭീഷണി ഉയർത്തുന്ന പ്രവർത്തനങ്ങളും കേന്ദ്രമന്ത്രിസഭയിലെയും പാർട്ടിയിലെയും ഉത്തരവാദിത്വപ്പെട്ട വ്യക്തികൾ അത്തരത്തിൽ പുറപ്പെടുവിക്കുന്ന പ്രസ്താവനകളും നിറുത്തിവയ്ക്കുന്നതിന് അടിയന്തിരമായി ഇടപെടാനും സമുചിതമായ നടപടികളെടുക്കുവാനും പ്രധാനമന്ത്രിയെന്ന നിലയിൽ അങ്ങ് തയ്യാറാകണം. മഹത്തായ നമ്മുടെ ദേശത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അത്തരത്തിലുള്ള പ്രവണതകളെ അവസാനിപ്പിക്കുകയെന്നത് അനുപേക്ഷണീയ കാര്യമാണ്.

ഇനി, ഞങ്ങളുടെ ആലോചനായോഗത്തിലുണ്ടായ ചില നിർദേശങ്ങളിലേക്കും ശിപാർശകളിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു:

1. സഭ എന്നും ദരിദ്രരോടും പീഡ സഹിക്കുന്നവരോടും സഹതാപപൂർവം പെരുമാറിയിട്ടുണ്ട്. നമ്മുടെ എല്ലാ പ്രേഷിതശുശ്രൂഷകളിലും ദരിദ്രരോടുള്ള ഈ പ്രത്യേക സ്നേഹത്തിന്റെ മനോഭാവം പൂർവാധികം വസ്തുനിഷ്ഠമായി ദൃശ്യമാകണം. ഇക്കാര്യം പരിശുദ്ധ പിതാവ് ഫ്രൻസിസ് മാർപാപ്പാ ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ദളിതർ, പിന്നോക്കവിഭാവങ്ങൾ, ഗോത്രവർഗക്കാർ എന്നിവരും കത്തോലിക്കാവിശ്വാസം സ്വീകരിച്ചവരുമായ നമ്മുടെ സഹോദരീസഹോദരന്മാരെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നതിന് നമുക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് നാം കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം.

2. വിവിധ ക്രൈസ്തവസമൂഹങ്ങൾ തമ്മിൽ ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ കൂടുതൽ ഐക്യവും സഹകരണവും ഉണ്ടാകണമെന്ന് നമ്മുടെ രാജ്യത്തെ ജനങ്ങളുടെ സാമൂഹികരാഷ്ട്രീയ സാഹചര്യം ആവശ്യപ്പെടുന്നു.

3. സഭയ്ക്കും സമൂഹത്തിനും നേരിടേണ്ടിവരുന്ന ഭീഷണികളെയും വെല്ലുവിളികളെയും വിമർശനബുദ്ധിയോടെ വിലയിരുത്താനും സമുചിതമായ ഹ്രസ്വകാല - ദീർഘകാല സമരതന്ത്രങ്ങൾ രൂപപ്പെടുത്താനും നമ്മുടെ അല്മായരെ നമ്മൾ ശക്തിപ്പെടുത്തണം. ഈ വിഷയത്തിൽ സ്ത്രീകളെയും യുവജനത്തെയും ശക്തരാക്കാൻ സവിശേഷപരിശ്രമങ്ങൾ നടക്കണം.

4. ഐക്യം, സാഹോദര്യം, മതനിരപേക്ഷത, സമാധാനം, നീതി എന്നിങ്ങനെ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള മൂല്യങ്ങൾ വിദ്യാഭ്യാസം വഴിയും മറ്റു സാമൂഹിക ഇടപെടലുകൾ വഴിയും യുവജനത്തിന്റെ മനസ്സിൽ പോഷിപ്പിക്കണം. അവരെ സമർപ്പണബുദ്ധിയുള്ള ഭാരതത്തിന്റെ പൗരന്മാരും സഭയുടെ വിശ്വസ്തരായ പുത്രീപുത്രന്മാരുമാക്കി തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ അപ്രകാരം ചെയ്യണം.

5. നമ്മുടെ മാധ്യമ പ്രവർത്തകരെയും മറ്റു വിദഗ്ധരെയും അംഗീകരിക്കുകയും സഭയുടെ ചിന്താഗതിക്ക് അനുസൃതമായി പ്രാദേശീയ അടിസ്ഥാനത്തിൽ മേല്പറഞ്ഞ ഭീഷണികളെ നേരിടാൻ അവരെ വളർത്തുകയും വേണം. മനുഷ്യാവകാശലംഘനങ്ങൾക്കെതിരേ





സമാനചിന്താഗതിക്കാരായ മറ്റുള്ളവരോട് ഒത്തുചേർന്ന് നമ്മൾ സമ്മർദ്ദം സൃഷ്ടിക്കണം.

6. ക്രൈസ്തവജനസമൂഹത്തിന്റെയും മാനുഷികവും സ്ഥാപനപരവുമായ വിഭവങ്ങളുടെയും സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം ഇടവക, രൂപതാതലങ്ങളിൽ ഉണ്ടായിരിക്കണം. സഭയുടെയും രാജ്യത്തിന്റെയും വളർച്ചയ്ക്കുവേണ്ടി കൂടുതൽ കാര്യക്ഷമമായ ഇടപെടലിന് ഇതു സഹായകമാകും.

7.ആശയരൂപീകരണം നടത്തുന്നതിന് "ചിന്തകരുടെ ഒരു ഗ്രൂപ്പ്" ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ രൂപപ്പെടുത്തുന്നത് നന്നായിരിക്കും. സാമൂഹിക രാഷ്ട്രീയ രംഗത്തെ വെല്ലുവിളികളെ കാര്യക്ഷമമായി അപഗ്രഥിക്കാനും പ്രശ്നങ്ങളെപ്പറ്റി സഭാനേതാക്കന്മാരെ ബോധിപ്പിക്കാനും വേണ്ടിയാണ് ഇത്. ഇതുപോലെ തന്നെ സുപ്രധാനമായ കാര്യമാണ് രൂപതാതലത്തിലും റീജിയൻതലത്തിലും ദേശീയതലത്തിലും വക്താക്കൾ അഥവാ പി.ആർ.ഓ. മാർ ഉണ്ടായിരിക്കുകയെന്നതും. നമ്മുടെ നിലപാടു വ്യക്തമാക്കാനും സമകാലീന പ്രശ്നങ്ങൾ വ്യാഖ്യാനിക്കാനും സമൂഹത്തിലെ എല്ലാവിഭാഗങ്ങളുമായി ഗുണകരമായ ബന്ധം പോഷിപ്പിക്കാനും വേണ്ടിയാണത്.

8. ഇടവകതലത്തിലും രൂപതാതലത്തിലും പ്രാദേശികതലത്തിലും ദേശീയതലത്തിലും സംയുക്ത ക്രൈസ്തവ പ്രാർത്ഥനായജ്ഞം സംഘടിപ്പിക്കുകയും മത-സാമുദായിക മൈത്രി വളർത്തുന്നതിന് ശ്രദ്ധവയ്ക്കുകയും വേണം.

ഈ നിർദേശങ്ങൾക്കു പുറമേ മറ്റു പല നിർദേശങ്ങളും ആലോചനായോഗത്തിലെ അംഗങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. മേൽ പറഞ്ഞവയോടൊപ്പം ഇവയ്ക്കു അനുരൂപമായി നമുക്കു ചെയ്യാൻ കഴിയുന്നതെല്ലാം ഏറ്റവും നന്നായി ചെയ്യാൻ നമ്മൾ പരിശ്രമിക്കണം. സ്ഥിരമായ ശ്രദ്ധ, സംയുക്തപ്രവർത്തനം, ദൈവപരിപാലന, ഒരു തിന്മയ്ക്കും കീഴടക്കാനാവാത്ത സഭയെ സ്ഥാപിച്ച നമ്മുടെ കർത്താവിന്റെ ദൈവിക സഹായത്തിലുമുള്ള അഗാധമായ വിശ്വാസം എന്നിവയായിരുന്നു ആലോചനായോഗത്തിലെ പ്രധാന വിഷയങ്ങൾ.

ഭാരത കത്തോലിക്കാ മെത്രാന്മാൻ സമിതി (CBCI) ഇന്ത്യ മുഴുവനിലുമുള്ള സഭാംഗങ്ങൾക്ക് ഒരു കാര്യത്തിൽ ഉറപ്പ് നല്കാൻ

ആഗ്രഹിക്കുന്നു: ഏതെങ്കിലും തരത്തിൽ സഹനത്തിനു വിധേയരായിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം എപ്പോഴും ഞങ്ങൾ ഉണ്ട്.

നമ്മൾ ഈ രാജ്യത്തിലെ പൗരന്മാരാണ്. ഈ രാജ്യത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി നമ്മൾ അധ്വാനം തുടരും. ദൈവരാജ്യം പ്രഘോഷിക്കാൻ മാമ്മോദീസാപരമായ കടമ നമുക്കുണ്ട്. ഭീഷണിയോ അക്രമമോ അതിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുകയില്ല. നമ്മുടെ വിശ്വാസത്തെ സംഘടിതമായി ശക്തിപ്പെടുത്തുകയെന്നത് നമ്മുടെ ആവശ്യമാണ്. നമ്മൾ ഒരു രാഷ്ട്രീയപാർട്ടിക്കും എതിരേ യുദ്ധം ചെയ്യുകയല്ല. പിന്നെയോ നമ്മുടെ രാഷ്ട്രത്തിന്റെ വിശുദ്ധമായ ആദർശങ്ങൾക്കുവേണ്ടി പോരാടുകയാണ്. മതസ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം, മൗലികാവകാശങ്ങൾ ജനാധിപത്യം മുതലായവയാണ് ശ്രേഷ്ഠമായ നമ്മുടെ ഭരണഘടനയിൽ ഉറപ്പുതന്നിട്ടുള്ള ആ ആദർശങ്ങൾ. സഭയുടെ ഉത്തരവാദിത്വപ്പെട്ട അംഗങ്ങളും നമ്മുടെ രാഷ്ട്രത്തിന്റെ പൗരന്മാരുമെന്ന നിലയിൽ വിശ്വാസത്തിനും രാഷ്ട്രത്തിന്റെ ഐക്യത്തിനും പുരോഗതിക്കും വേണ്ടി ജീവൻ ത്യജിക്കാനും നാം തയ്യാറാണ്. ദൈവസഹായത്തിൽ ആശ്രയിച്ച് നാം ഇങ്ങനെ ശപഥം ചെയ്യണം: വിശ്വാസത്തെയും രാജ്യത്തിന്റെ മതനിരപേക്ഷ-ജനാധിപത്യസ്വഭാവത്തെയും ഉയർത്തിപ്പിടിക്കുന്നതിനെതിരേയുള്ള സമ്മർദ്ദത്തിനോ ഭീഷണിക്കോ വഴങ്ങുകയില്ല.

തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ച ദൈവം നമ്മെ തുടർന്നും അനുഗ്രഹിക്കട്ടെ. അവിടത്തെ പുത്രനായ യേശുക്രിസ്തുവിന്റെ ദൗത്യം തുടരുന്നതിന് അവിടന്ന് പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രത്തിനുവേണ്ടി നമ്മുടെ പരിശുദ്ധ അമ്മ മാധ്യസ്ഥ്യം വഹിക്കട്ടെ.

പ്രാർത്ഥനയോടും ആശംസകളോടും കൂടെ

സ്നേഹപൂർവം, കർത്താവിൽ

**കർദിനാൾ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ് - കാതോലിക്കോസ് &
പ്രസിഡന്റ്, കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ &
കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ





# മദ്യവിരുദ്ധ ഞായർ, 8 മാർച്ച് 2015

## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന

## സർക്കുലർ

കേരളകത്തോലിക്കാ സഭ മാർച്ച് മാസം 8-ാം തീയതി മദ്യവിരുദ്ധ ഞായർ ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ തിരുസഭ പങ്കുവയ്ക്കുന്നത്. കേരളസമൂഹത്തിൽ മാതൃകാപരമായ ലഹരിവിരുദ്ധപോരാട്ടം നടത്തിയ ചരിത്രമാണ് ഇന്നോളം കത്തോലിക്കാസഭയ്ക്കുള്ളത്. കത്തോലിക്കാസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ലഹരിവിമോചനകേന്ദ്രങ്ങളിലൂടെയും ധ്യാനകേന്ദ്രങ്ങളിലൂടെയും ആതുരാലയങ്ങളിലൂടെയും ലക്ഷകണക്കിന് കുടുംബങ്ങളാണ് ലഹരിമുക്തമായതിന്റെ സത്ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

കത്തോലിക്കരെ മാത്രം മദ്യത്തിൽനിന്ന് മോചിപ്പിക്കുക എന്ന സങ്കുചിതമായ ചിന്തയല്ല സഭയ്ക്കുള്ളത്. കേരളസമൂഹത്തെ മുഴുവൻ ബാധിക്കുന്ന ഒരു സാമൂഹികതിന്മ എന്നനിലയിലാണ് ഈ വിഷയത്തെ സഭ എന്നും കാണുന്നത്. 1998-ൽ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപം കൊള്ളുന്നതിന് മുമ്പ് സഭയിലെ യുവജനപ്രസ്ഥാനങ്ങളും സമൂഹത്തിലെ ഇതരമദ്യവിരുദ്ധപ്രസ്ഥാനങ്ങളുമായി ചേർന്ന് സഭ ഈ രംഗത്തു പ്രവർത്തിച്ചുവന്നു. കെസിബിസി മദ്യവിരുദ്ധസമിതി രൂപംകൊണ്ടതിന് ശേഷം കത്തോലിക്കാസഭയിലെ എല്ലാ രൂപതകളിലും മദ്യവിരുദ്ധ യൂണിറ്റുകൾ സ്ഥാപിച്ച് ശക്തമായ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയും കർമ്മപദ്ധതികളും നിർദ്ദേശങ്ങളും നൽകി വരുന്നു.

ഈ വർഷം മുതൽ വലിയനോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായർ ആയി ആചരിക്കുന്നത്.

(മുൻവർഷങ്ങളിൽ ഇത് ജനുവരിയിലെ അവസാന ഞായറാഴ്ച ആയിരുന്നു). വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും വർജനയുടെയും ഉപവാസത്തിന്റെയും തിരിച്ചുവരവിന്റെയും നവീകരണത്തിന്റെയും കാലയളവാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് വിശുദ്ധ നോമ്പ് നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമ

രന്നും ഇവയുടെ ഉപയോഗവും വ്യാപനവും അതു സമൂഹത്തിൽ സൃഷ്ടിക്കുന്ന അരാജകത്വവും പൊതുജീവിതത്തിലെ അഴിമതിയുടെ വ്യാപനവും നമ്മുടെ സമൂഹത്തെ കാർന്നു തിന്നുന്ന സാമൂഹ്യ തിന്മകളാണ്.

വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽ നിന്നും, പാപസാഹചര്യങ്ങളിൽ നിന്നും ഓടി അകലണമെന്നും വിശുദ്ധ നോമ്പ് അനുശാസിക്കുന്നു. മദ്യാസക്തി ദുർമോഹങ്ങളിലേക്കു നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (റോമാ 13:13,14). മദ്യാസക്തിയെന്ന തിന്മയിൽ നിന്നും ഓടി അകലുവാനും പ്രകാശത്തിന്റെ മക്കളാകുവാനും തിരുസ്സഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം തിന്മയ്ക്കെതിരേയുള്ള ആത്മീയ പോരാട്ട ത്തിന്റെ അവസരമാക്കി മാറ്റാം. അതിനായി ഈ വലിയ നോമ്പുകാലം നമ്മെ ശക്തിപ്പെടുത്തണം.

**വളരേണ്ട മദ്യവിരുദ്ധ സംസ്കാരം**

മദ്യത്തിന്റെ ലഭ്യതയും വിതരണവും ഉപയോഗവും കുറച്ചുകൊണ്ടുവരുന്നതിൽ കാലാകാലങ്ങളിൽ കേരളം ഭരിച്ച സർക്കാരുകൾ പരാജയപ്പെട്ടു. തത്ഫലമായി ലോകത്തിന്റെ "മദ്യഭൂപടത്തിൽ" മുഖ്യ സ്ഥാനം കേരളത്തിനെന്ന അപഖ്യാതി നാം നേടുകയും ചെയ്തു. നിലനിൽക്കുന്ന നിയമങ്ങളും ജനക്ഷേമപരമല്ലാത്ത നയങ്ങളും സർക്കാർ-ഉദ്യോഗസ്ഥ-അബ്കാരി അവിശുദ്ധ കൂട്ടുകെട്ടും, മറയില്ലാതെ മദ്യം ഉപയോഗിക്കുവാനുള്ള മലയാളിയുടെ ശീലവും കേരളത്തിന്റെ മദ്യാസക്തിക്ക് ആക്കം കൂട്ടി. ഈ സാമൂഹിക വിപത്തിന്റെ ഇരകളായി കൗമാരക്കാരും സ്ത്രീകളും ഉൾപ്പടെ ലഹരിയുടെ പുത്തൻശീലങ്ങളും ശൈലികളും കൗതുകത്തോടെ പരീക്ഷിച്ചറിയുന്ന ഒരു വലിയ വിഭാഗം ഇന്ന് നമുക്കു ചുറ്റും അപകടകരമാംവിധം വളർന്നുവരുന്നു. സമൂഹത്തിൽ വർധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ അടിയന്തിരമായ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു.

ഏതാനും മദ്യലോബികളുടെ പക്ഷം ചേർന്ന് കേരളത്തെ മദ്യക്കടലിൽ താഴ്ത്തുന്നത് തലമുറകളോട് ചെയ്യുന്ന പാതകമാണ്. മനുഷ്യനുവേണ്ടി മനഃസാക്ഷിയോടെ നിലപാടുകളെടുക്കാൻ





കഴിയുന്നിടത്താണ് ജനപ്രതിനിധികളുടെ അകക്കാമ്പ് ജനം തിരിച്ചറിയുന്നത്. അധികാരത്തിന്റെ അപ്പക്കഷണത്തിനുവേണ്ടി നട്ടെല്ല് വളയ്ക്കുന്നവർ ജനാധിപത്യത്തിന്റെ ഏടുകളിൽ കറുത്തപൊട്ടുകളായി അവശേഷിക്കും. മദ്യമെന്ന സാമൂഹികവിപത്തിനെതിരെയുള്ള പോരാട്ടത്തിൽപോലും മതത്തിന്റെയും സമുദായത്തിന്റെയും നിറം കലർത്തുന്ന മത-സാംസ്കാരിക-രാഷ്ട്രീയ പ്രതിനിധികൾ സമൂഹം തിരിച്ചറിയേണ്ട, ജനാധിപത്യത്തിലെ അപകടസൂചനകളാണ്.

മദ്യലോബികൾക്കനുകൂലമായി നില്ക്കുന്ന നിയമങ്ങൾക്ക് മാറ്റംവരുത്താനുള്ള നടപടികൾ പ്രാവർത്തിക മാക്കാനുള്ള ചങ്കുറപ്പാണ് ജനപ്രതിനിധികളും സർക്കാരും സ്വീകരിക്കേണ്ടത്. പൊതുസമൂഹവും മതസംഘടനകളും രാഷ്ട്രീയ യുവജനപ്രസ്ഥാനങ്ങളുമൊക്കെ മദ്യത്തിനെതിരായി ശബ്ദമുയർത്തുന്ന ഇന്നത്തെ അനുകൂലമായ സാഹചര്യം മനസ്സിലാക്കി അതിനെ ഫലപ്രദമായി ഉപയോഗിച്ച് ആത്മാർത്ഥത തെളിയിക്കാൻ സർക്കാർ ഇനിയും വൈകരുത്.

**തിരിച്ചറിയേണ്ട ചില വിപത്തുകൾ**

റീജണൽ അടിസ്ഥാനത്തിൽ യു.എൻ ന്റെ കണക്കിൽ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെല്ലാം മദ്യഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതിനാൽത്തന്നെ അന്തർദ്ദേശീയ മദ്യലോബികൾ കണ്ണുവച്ചിരിക്കുന്നത് ഇന്ത്യപോലുള്ള മൂന്നാം ലോകരാഷ്ട്രങ്ങളെയാണ്. ഇവിടത്തെ ഒന്നോ രണ്ടോ ശതമാനം ആളുകളെ തങ്ങളുടെ കീഴിലാക്കിയാൽ അവർക്ക് ഇവിടത്തെ വിപണി പിടിച്ചെടുക്കാനാകും. അങ്ങനെ ഇന്ത്യയുൾപ്പെടെയുള്ള ദരിദ്രരാജ്യങ്ങളെ ചൂഷണം ചെയ്യാനുള്ള സമ്പന്നരാഷ്ട്രങ്ങളുടെ ഒരു മാർഗമാണിതെന്ന യാഥാർത്ഥ്യവും നമ്മിൽ എത്രപേർക്കറിയാം? കേരളത്തിന്റെ ടൂറിസം സാദ്ധ്യതകളെ ബോധപൂർവ്വം വഴിതെറ്റിക്കാനും അട്ടിമറിക്കാനുമായിട്ടുള്ള ദേശീയ-അന്തർദേശീയ ലോബികളുടെ ശ്രമമാണു കേരളത്തിൽ 'ഇനി ടൂറിസ്റ്റുകൾ വരില്ല' എന്ന പ്രചരണം. മദ്യനിരോധനം നിലനിൽക്കുന്ന ഗുജറാത്തിൽ കേരളത്തിന്റെ ഇരട്ടിയിലധികം ടൂറിസ്റ്റുകൾ വരുന്നുണ്ട്. അതിനാൽ ടൂറിസവും മദ്യവുമായി ബന്ധപ്പെടുത്തിയുള്ള വാദമുഖങ്ങൾ മദ്യവിരുദ്ധസാംസ്കാരം ആഗ്രഹിക്കുന്ന കേരളത്തിന് യോജിച്ചതല്ല. ടൂറിസ്റ്റുകൾ കേരളത്തിൽ

വരുന്നതു മദ്യപിക്കാനാണ് എന്നുപറയുന്നത് ബാലിശമായ ചിന്താഗതിയാണ്. ഈ നാടിന്റെ സാംസ്കാരിക തനിമയും കടലോരവും മലകളും തുടങ്ങി ഈ ദേശത്തിന്റെ നന്മയും പ്രകൃതിയുമാണ് ഓരോ വിദേശിയെയും ഇവിടേക്ക് ആകർഷിക്കുന്നത്.

"മദ്യനിരോധനം സാധ്യമോ? അസാധ്യമോ?" എന്നത് ഒരു സന്ദേഹിയുടെ ചോദ്യമാണ്. സന്ദേഹികൾ ഒന്നും നമുക്ക് നേടിത്തന്ന ചരിത്രമില്ല. അവർ എല്ലാറ്റിനെയും സംശയിക്കും. സാധ്യതകളുടെ അവസരംപോലും അങ്ങനെ നിരാകരിക്കപ്പെടും. രാഷ്ട്രത്തിന്റെ നിയമവ്യവസ്ഥിതിയിലേക്ക് ഒന്നുകണ്ണോടിച്ചാൽ കാണാം നിരോധനം നിയമത്തിന്റെ വലിയ കടമയാണ്. തോക്ക് നിരോധിക്കാം, കഞ്ചാവ് നിരോധിക്കാം, കറുപ്പ് നിരോധിക്കാം, സ്വർണം കടത്തുന്നത് നിരോധിക്കാം, കടലിന്റെ തീരത്തു താമസിക്കുന്നതും നിരോധിക്കാം. മനുഷ്യരെ കൊല്ലാൻ വരുന്ന കാട്ടുമൃഗത്തെ കൊല്ലുന്നതു നിരോധിക്കാം, ബോബ് നിരോധിക്കാം, പക്ഷെ മദ്യം നിരോധിക്കാൻ തടസം നിൽക്കുന്നത് ആരാണ് ? ആർക്കുവേണ്ടിയാണ്? ഇവിടെ ഇത്തരം വിഷയങ്ങളെ നാം സമീപിക്കുമ്പോൾ അഴിമതി എന്ന വിഷയവും വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടണം. മദ്യനിരോധനം പരാജയപ്പെടുത്താൻ രണ്ടുകൂട്ടർക്കേ സാധിക്കൂ: (1) നിക്ഷിപ്തതാത്പര്യക്കാരായ രാഷ്ട്രീയക്കാർ (2) അഴിമതിക്കാരായ ഉദ്യോഗസ്ഥർ. ഈ രണ്ടുകൂട്ടരെയും നിലയ്ക്കുനിറുത്താൻ ജനങ്ങൾ ഒരുമിച്ചാൽ തീർച്ചയായും ഇവിടെ മദ്യത്തിന്റെ ഒഴുക്ക് തടയാൻ കഴിയും.

നമ്മുടെ നാടിന് ഒരു മദ്യസംസ്കാരമില്ല. നമ്മുടെ മതങ്ങളോ സമൂഹമോ സംസ്കാരമോ ഇതു പ്രോത്സാഹിപ്പിക്കുന്നില്ല. മദ്യവർജ്ജനം നടപ്പിലാക്കാൻ ഇവിടെ ഒരു സർക്കാരിന്റെയും ആവശ്യമില്ല. അത് ജനങ്ങൾ ചെയ്തുകൊള്ളും. നിയമം മൂലം കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മദ്യലഭ്യത കുറയ്ക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. മദ്യത്തിന്റെ ഉപയോഗം കേരളത്തിൽ കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ ഈ സർക്കാരിന്റെ ഭരണത്തിന്റെ ആദ്യനാൾമുതൽ (2011) പ്രകടമായിരുന്നു. നിരവധി തീരുമാനങ്ങൾ പ്രഖ്യാപിച്ചുവെങ്കിലും സർക്കാർ വിഭാവനം ചെയ്തതുപോലെ അവ നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നത് സർക്കാരിന്റെ പരാജയമായി കാണേണ്ടിവരും.





മദ്യപിച്ചു മരിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ നാം തിരിച്ചറിഞ്ഞ്, ഒരാളും ഇനി മദ്യത്തിലേക്കു വരരുത് എന്ന ചിന്തയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. അടിയന്തിരമായി ശ്രദ്ധപതിയേണ്ടതു കുട്ടികളിലേക്കും യുവജനങ്ങളിലേക്കുമാണ്. അടച്ചുപൂട്ടിയ ബാറുകൾ, ബിയർ-വൈൻ പാർലറുകളായി മാറ്റപ്പെട്ടിരിക്കുന്നു. സ്ത്രീകളും കുട്ടികളും യുവജനങ്ങളും ഉൾപ്പെടുന്ന പുതിയ ഒരുതലമുറയാണു മദ്യാസക്തിയിലേക്ക് ഇവയിലൂടെ വഴുതി വീഴുന്നത്. 'വീര്യം കുറഞ്ഞ' ഈ അപകടങ്ങൾ നമ്മുടെ നാടിനെ നശിപ്പിക്കും. ചുരുക്കത്തിൽ പുതുതലമുറയെ ആദ്യം വീര്യം കുറഞ്ഞ മദ്യത്തിനും പിന്നീടു കടുത്ത ലഹരികൾക്കും അടിമയാക്കാൻ ബീയർ-വൈൻ പാർലറുകൾക്ക് കഴിയും. ശരിയായ മദ്യനയം രൂപപ്പെടണമെങ്കിൽ താഴെതട്ടിൽനിന്നും മുകൾ തട്ടിൽനിന്നും വ്യക്തമായ തീരുമാനങ്ങൾ ഉണ്ടാകണം; സർക്കാരിന്റെ ഭാഗത്തുനിന്നും മദ്യനിരോധനവും ജനങ്ങളുടെ ഭാഗത്തുനിന്നു മദ്യവർജ്ജനവും.

**സർക്കാർ ആത്മാർത്ഥത തെളിയിക്കണം**

മദ്യനിരോധനം എന്ന സർക്കാർ തീരുമാനം വളരെ തിടുക്കത്തിലായിരുന്നു എന്ന് എല്ലാവർക്കും അഭിപ്രായമുണ്ട്. പത്തുവർഷം കൊണ്ട് കേരളത്തെ മദ്യരഹിതമാക്കുമെന്ന പ്രഖ്യാപനത്തിന്റെ പൊരുൾ മനസ്സിലാകത്തക്കവിധം അവതരിപ്പിക്കാൻ ഇനിയും സർക്കാരിനു സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിപോലും വിസ്മയം പ്രകടിപ്പിച്ച ഒരു മാന്ത്രികച്ചെപ്പാണ് ഈ സർക്കാരിന്റെ പുതിയ മദ്യനയം.

സഭയെ സംബന്ധിച്ച് ഇതൊരു സാമൂഹികവിഷയമാണ്, രാഷ്ട്രീയവിഷയമല്ല. മദ്യവർജ്ജനം മതി എന്നുപറയുമ്പോൾ, നാടുമുഴുവൻ മദ്യഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിച്ചുകൊണ്ട് എങ്ങനെ മദ്യവർജ്ജനം നടപ്പിലാക്കും? സഭയുടെ നിലപാട് വളരെ വ്യക്തമാണ്. മൂന്നുകാര്യങ്ങൾ ഒന്നിച്ചു വരുമ്പോഴാണ് ഇവിടെ മദ്യത്തിന്റെ ഉപയോഗം കുറയുന്നത്; (1) ബോധവത്കരണം (2) മദ്യലഭ്യതയുടെ കുറവ് - മദ്യശാലകളുടെ എണ്ണം കുറയ്ക്കുന്ന നടപടി (3) ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സയും പുനരധിവാസവും. ഇവ മൂന്നും ഒന്നിച്ചുപോകണം. മദ്യവർജ്ജനം എന്നുപറയുന്നതിൽ തന്നെ മദ്യ

ശാലകൾ കുറയ്ക്കണം, ഇല്ലാതാക്കണം എന്ന ആശയമുണ്ട്. ഒരു കാര്യം മാത്രമേ സഭ മദ്യനയത്തിൽ ആവശ്യപ്പെടുന്നുള്ളൂ. അടുത്ത പത്തുവർഷംകൊണ്ട് കേരളത്തെ മദ്യവിമുക്തമാക്കാനുള്ള കർമ്മ പദ്ധതി സർക്കാർ പ്രഖ്യാപിക്കണം. ഇതിനു തയ്യാറാകാത്തിടത്തോളംകാലം സർക്കാർ സംശയത്തിന്റെ മുൾമുനയിലായിരിക്കും.

**നടപ്പിലാക്കേണ്ട പ്രായോഗിക നിർദേശങ്ങൾ**

മദ്യപിക്കുന്നവർ പള്ളിയിൽ വരാൻ പാടില്ല എന്നു പറഞ്ഞാൽ തീരാവുന്നതല്ലേ കേരളത്തിന്റെ മദ്യാസക്തി എന്ന് ചോദിക്കുന്ന ചിലരെങ്കിലുമുണ്ട്. വഴിതെറ്റിപ്പോയവരെയും തിരികെ വരാൻ ആഗ്രഹിക്കുന്നവരെയും തുറന്ന മനസ്സോടെ കാത്തിരിക്കുന്ന സ്നേഹാലയമാണ് ഓരോ ക്രൈസ്തവ ദേവാലയവും. മദ്യവ്യാപരത്തിൽനിന്നും കത്തോലിക്കർ പിൻതിരിയണമെന്നും അത്തരക്കാരിൽ നിന്നും സംഭാവനകൾ സ്വീകരിക്കരുതെന്നുമാണ് 2013 ഫെബ്രുവരി 19-ാം തീയതിയിൽ പ്രകാശനം ചെയ്ത ലഹരി വിമോചനപ്രവർത്തനങ്ങൾക്കുള്ള സഭയുടെ മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത്. ലഹരി വ്യാപാരികൾ മരണവ്യാപാരികളാണ് എന്നാണ് തിരുസ്സഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പായും പഠിപ്പിക്കുന്നത്.

ജനങ്ങളുടെ ശക്തിയാണു വ്യാജമദ്യം തടയാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം. കുടുംബശ്രീ - ജനശ്രീ - അയൽക്കൂട്ടങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, മദ്യവിരുദ്ധപ്രസ്ഥാനങ്ങൾ, പ്രാദേശികമായ രാഷ്ട്രീയപ്രസ്ഥാനങ്ങൾ, നേതാക്കൾ, മതസംഘടനകൾ, ക്ലബുകൾ, യുവജനങ്ങൾ... ഇത്തരത്തിലുള്ള കൂട്ടായ്മകളും ജാഗ്രതാസമിതികളും ഉണർന്നു പ്രവർത്തിച്ചാൽ ഇവിടെ വ്യാജമദ്യം ഉണ്ടാവുകയില്ല. ജനത്തിന്റെ ശക്തിയെ മറികടന്നുകൊണ്ട് ഇവിടെ മദ്യം വിൽക്കാനോ ഉപയോഗിക്കാനോ സാധിക്കുകയില്ല.

കേരളത്തിലെ ആനുകാലിക സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് മദ്യമെന്ന സാമൂഹിക തിന്മയ്ക്കെതിരേ പ്രതികരിക്കുവാൻ, ക്രൈസ്തവസമൂഹത്തിന് നടപ്പിലാക്കാൻ സാധിക്കുന്ന ചില പ്രായോഗിക നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഈ വർഷത്തെ മദ്യവിരുദ്ധ ഞായർ അതിരൂപത, രൂപത, ഫൊറോന, ഇടവക തലങ്ങളിൽ സമുചിതമായി ആചരിക്കുകയും ലഹരിവിരുദ്ധ





പ്രചരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം.

2) അതാതു അതിരൂപതാ/രൂപതാ തലങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് മദ്യവിരുദ്ധ ഞായർ, ഈ ദിനത്തിന്റെ പ്രാധാന്യം ഗൗരവപൂർവം മനസ്സിലാക്കി ആചരിക്കേണ്ടതാണ്.

3) സഭാതല മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടർന്നുകൊണ്ടുപോകുന്നതിന്, മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 8-ാംതീയതിയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി അതിരൂപതാ/രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

4) ഈ ആചരണത്തിന്റെ തുടർനടപടികളുടെ ഭാഗമായി ഇടവകകൾ കേന്ദ്രീകൃതമായി കുട്ടികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

5) ഒരു സാമൂഹ്യ തിന്മയായ മദ്യത്തിന്റെ ഉപയോഗത്തിനെതിരേ രംഗത്ത് ഇറങ്ങുവാനും ഈ പ്രവർത്തനങ്ങളിൽ മുൻനിരയിൽ അണിനിരക്കുവാനും ഇടവകയിലെ യുവജനസംഘടനകൾ, പ്രത്യേകിച്ച് കെ.സി.വൈ.എം, പ്രായോഗികമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം.

6) നമ്മുടെ ആശുപത്രികൾ കേന്ദ്രീകരിച്ച് മദ്യവിരുദ്ധ സെൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം.

7) പുനരധിവാസ കേന്ദ്രങ്ങളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും നന്മകൾ ജനങ്ങളിലേക്ക് കൂടുതലായി എത്തിക്കുവാൻ നം പരിശ്രമിക്കണം.

8) ഇടവകതലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളെ ഒന്നിപ്പിച്ചുകൊണ്ട് പ്രാദേശികമായി ഈ വിഷയത്തെ അവലോകനം ചെയ്യുകയും മദ്യവിരുദ്ധ പ്രതിജ്ഞകൾ പൊതുവായി സംഘടിപ്പിക്കുകയും ചെയ്യണം.

9) കുടുംബാംഗങ്ങൾ ഒന്നുചേർന്ന്, ഓരോ കുടുംബവും തങ്ങളുടെ ആഘോഷങ്ങളിൽ മദ്യം ഉപയോഗിക്കുക യില്ലെന്ന പ്രതിജ്ഞ എടുക്കുകയും മദ്യപാനം മൂലം വേദനിക്കുന്ന കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

10) മദ്യപാനം മൂലം തകർച്ച നേരിടുന്ന വ്യക്തികളെയും

കുടുംബങ്ങളെയും മദ്യവിപത്തിൽ നിന്നും സാമ്പത്തിക-ആത്മീയ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ഇടവക തലത്തിൽ കർമ്മപരിപാടികൾ നടപ്പിലാക്കുക.

11) മദ്യവ്യാപാരികളായ കത്തോലിക്കാ വിശ്വാസികളെ അതിൽ നിന്നു പിൻതിരിപ്പിക്കാൻ പരിശ്രമിക്കുക. ഇവരിൽ നിന്നും സംഭാവന സ്വീകരിക്കരുത്.

12) സമൂഹത്തിൽ മദ്യവിരുദ്ധ മനോഭാവവും നിലപാടുകളും വളർത്തിക്കൊണ്ടു വരാൻ നേതൃത്വം നല്കുക.

13) മദ്യവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയങ്ങളെയും നടപടികളെയും വിമർശന ബുദ്ധിയോടെ വിലയിരുത്തുക.

മുകളിൽ സൂചിപ്പിച്ച പ്രായോഗിക നിർദേശങ്ങൾ അവ അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കിക്കൊണ്ട് രൂപതകളിലും ഇടവകകളിലും മദ്യവിരുദ്ധപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു.

**ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ)

**ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി**
(വൈസ് ചെയർമാൻ)

120/2015
11-02-2015

# വിജ്ഞാപനം - 127

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

മധ്യ പൗരസ്ത്യ രാജ്യങ്ങളിൽ ക്രൈസ്തവ സഹോദരങ്ങൾ നേരിടുന്ന മതപീഡനങ്ങളും പ്രത്യേകിച്ച് ലിബിയായിൽ ഭീകരവാദികൾ തങ്ങളുടെ പിടിയിൽപ്പെട്ട നിരപരാധികളായ 21 ക്രൈസ്തവരെ കടൽതീരത്തെ പൊരിമണലിൽ മുട്ടുകുത്തിച്ച് നിർത്തിയശേഷം പിന്നിൽനിന്ന് തലയറുത്ത് കൊലപ്പെടുത്തിയ സംഭവങ്ങളും ഇതിനകം മാധ്യമങ്ങളിലൂടെ അറിഞ്ഞുകാണുമല്ലോ. ഇറാഖും സിറിയായും സമീപരാഷ്ട്രങ്ങളുമടങ്ങുന്ന **'മതരാഷ്ട്രം'** കെട്ടിപ്പെടുക്കുന്നതിന്റെ ഭാഗ





മായി നിർബന്ധിത മതം മാറ്റവും ന്യൂനപക്ഷങ്ങളുടെ കൂട്ടക്കുരുതിയും ഐ.എസ്. ഭീകര സംഘടന മാർഗ്ഗമാക്കുന്നു. ന്യൂനപക്ഷങ്ങളുടെ തലയറുത്തും അഗ്നിക്കിരയാക്കിയും കൊല്ലുന്ന ഈ പൈശാചിക പ്രവർത്തനത്തെ ലോകരാഷ്ട്ര നേതാക്കൾ ഒന്നടങ്കം അപലപിച്ചിട്ടുണ്ടെങ്കിലും ഭികരവാദികൾക്ക് ഒത്താശ നൽകുന്ന വൻശക്തികളും സംഘടനകളും ഭരണകൂടങ്ങളും സജീവമായി പ്രവർത്തിക്കുന്നുവെന്നതാണ് ഏറ്റവും ഭീതിജനകമായ വസ്തുത.

നിസഹായരുടെയും നിരപരാധികളുടെയും നേർക്കുള്ള ഇത്തരം പകയുടെയും ക്രൂരതയുടെയും മുന്നേറ്റങ്ങൾ സമാധാനം കാംക്ഷിക്കുന്ന ഒരു ജനതയ്ക്കും പൊറുക്കാനാവില്ല. മനുഷ്യത്വരഹിതമായ ക്രൂരത അരങ്ങേറുമ്പോൾ അതിനെ തടയാൻ എല്ലാവരും തയ്യാറാകേണ്ടതാണ്. മനുഷ്യത്വത്തിനെതിരെ നടക്കുന്ന ഇത്തരം ക്രൂരതകൾക്ക് മതത്തിന്റെ പരിവേഷം നൽകുന്നത് നിർഭാഗ്യകരമാണ്. യഥാർത്ഥ മത വിശ്വാസികൾ ഇക്കാര്യത്തിൽ ഉയർന്ന ജാഗ്രത പുലർത്തണം. മധ്യ പൂർവ്വേഷ്യയിൽ നടക്കുന്ന ഐ.എസ്. ഭീകരതയെ മതയുദ്ധമാക്കി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ തള്ളിക്കളഞ്ഞ് ഭീകരതയെ ഇല്ലാതാക്കാൻ ലോകരാഷ്ട്രങ്ങൾ മുന്നോട്ടുവരുന്നതിനും സ്വാർത്ഥ താല്പര്യങ്ങളുടെ പേരിൽ നിരപരാധികളുടെ രക്തം ഇനിയും ഭൂമിയിൽ വീഴാൻ ഇടവരാതിരിക്കുന്നതിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ഭീകരതയുടെ നിഴലിൽ കഴിയുന്ന ക്രൈസ്തവസഹോദരങ്ങളോട് പ്രാർത്ഥനാപൂർവ്വം നമുക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാം.

നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും 2015 ഫെബ്രുവരി 22-ാം തിയ്യതി ഞായറാഴ്ച ഇതേക്കുറിച്ച് പ്രത്യേകം അറിയിക്കുകയും ഭീകരസംഘടനകളും പ്രസ്ഥാനങ്ങളും തങ്ങളുടെ ക്രൂരതയിൽനിന്ന് പിന്തിരിയുവാൻ പ്രാർത്ഥിക്കുകയും ചെയ്യണം. തുടർന്നുവരുന്ന വെള്ളിയാഴ്ചകളിൽ നടത്തുന്ന **കുരിശിന്റെ വഴി**യിലും ഈ നിയോഗം കൂടി ഉൾപ്പെടുത്തി പ്രാർത്ഥിക്കേണ്ടതാണ്.

നിങ്ങളുടെ വത്സലപിതാവ്

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

for recordical purpose

2015



# BISHOP'S Engagements

**2015 March**

| | |
|---|---|
| 10 | Returns from Rome |
| 12 | New Priests' Training Programme, Bishop's House |
| 14 | Pastoral Council Meeting, Pastoral Centre |
| 15 | Kozhinjampara |
| 19 | St. Joseph Hospital, Valliyode |
| 20 | Yuvakshetra College, Mundur |
| 22 | Parish Visit |
| 24 | Mount St. Thomas Kakkanad |
| 27 | Marian Renewal Centre, Dhoni |
| 28 | Diaconate & Minor Orders, Cathedral |
| 29 | Palm Sunday, Cathedral |
| 30 | Chrism Mass, Cathedral |

**2015 April**

| | |
|---|---|
| 2 | Maundy Thursday, Cathedral |
| 3 | Good Friday, Cathedral |
| 4 | Holy Saturday, Cathedral |
| 5 | Easter, Cathedral |
| 7 | Sehion Trust Meeting |
| 8 | Pre-cana, Yuvakshetra |







# From the Bishop's Office

**ആശംസകൾ**

മാർച്ച് 19ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന രൂപത വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചനും ജോസഫ് നാമധാരികളായ മറ്റെല്ലാ വൈദികർക്കും തിരുനാൾ ആശംസകൾ.

**മാസധ്യാനം**

മാർച്ചു മാസത്തിലെ വൈദികരുടെ മാസധ്യാനം അതതു ഫൊറോനകളിൽ വെച്ചായിരിക്കും നടത്തപ്പെടുന്നത്.

**നവവൈദികർക്കുള്ള തുടർപരിശീലനം**

നവവൈദികർക്കുവേണ്ടിയുള്ള തുടർപരിശീലനപരിപാടി മാർച്ച് 12-ാം തിയ്യതി രാവിലെ 10.00 മുതൽ രൂപതാകാര്യാലയത്തിൽവച്ച് നടത്തപ്പെടുന്നു. നവവൈദികർ അതിൽ സംബന്ധിക്കേണ്ടതാണ്.

**സൈത്ത് വെഞ്ചിരിപ്പ്**

ഈ വർഷത്തെ സൈത്ത് വെഞ്ചിരിപ്പിന്റെ തിരുക്കർമ്മങ്ങൾ മാർച്ച് 30-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10.30ന് പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽവച്ച് നടത്തപ്പെടുന്നു. അന്നത്തെ ധ്യാനത്തിലും സമൂഹബലിയിലും രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും സംബന്ധിക്കേണ്ടതാണ്.

**കയറാടി വാ. മദർതെരേസ ഇടവക**

രൂപതാകാര്യാലയത്തിൽനിന്ന് ക്രമനമ്പർ 127/2015 കല്പനപ്രകാരം കയറാടി വാ. മദർതെരേസ ഇടവകയെ മംഗലംഡാം ഫൊറോനയിൽനിന്ന് മേലാർകോട് ഫൊറോനയിലേക്ക് ഉൾപ്പെടുത്തിയിരിക്കുന്നു.

**രൂപതാ ഡയറക്ടറി**

രൂപതാ ഡയറക്ടറിയുടെ പുതിയ പതിപ്പ് മാർച്ചുമാസത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. നിലവിലുള്ള ഡയറക്ടറിയിൽ എന്തെങ്കിലും തിരുത്തലുകൾ (അഡ്രസ്സ്, ഫോൺ etc.) വരുത്തേണ്ടതുണ്ടെങ്കിൽ **ബഹു. അജി ഐക്കരയച്ചനെ** (ബിഷപ്പ്സ് സെക്രട്ടറി) **8547886347** അറിയിക്കേണ്ടതാണ്.

### നിത്യാരാധന കപ്പേള

വലിയ ആഴ്ച ആയതിനാൽ ഏപ്രിൽ 1 ബുധനാഴ്ച മുതൽ 6 തിങ്കളാഴ്ച വരെ നിത്യാരാധന കപ്പേളയിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

### കരം അടച്ച രസീത്

വാർഷിക തെരട്ടിനൊപ്പം, പള്ളി ഭൂസ്വത്തുകളുടെ കരം അടച്ച രസീതും നിർബന്ധമായും കൊണ്ടുവരണം.

### ദൈവവിളിധ്യാനം & ഇന്റൻസീവ് കാറ്റികിസം

രൂപതയിലെ ദൈവവിളിധ്യാനത്തെക്കുറിച്ചും ഇന്റൻസീവ് കാറ്റികിസത്തെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾക്കായി സെമിനാരി വാർത്തകൾ (പേജ് 48) കാണുക.

### ജനപ്രകാശം വരിസംഖ്യ

പാലക്കാട് രൂപതയുടെ മുഖപത്രമായ ജനപ്രകാശത്തിന്റെ വാർഷിക വരിസംഖ്യ മാർച്ച് മാസത്തിൽത്തന്നെ നൽകേണ്ടതാണ്. ഓരോ ഇടവകയിലെയും കുടുംബങ്ങളുടെ എണ്ണമനുസരിച്ചുള്ള വാർഷിക വരിസംഖ്യയാണ് (കുടുംബത്തിന് 50 രൂപ വീതം) പള്ളികളിൽനിന്ന് നൽകേണ്ടത്. കുടുംബങ്ങളിൽനിന്നും ഈ തുക സമാഹരിച്ച് പള്ളിക്കണക്കിൽ വരവ് വയ്ക്കേണ്ടതും ജനപ്രകാശത്തിൽ അടച്ച് ചെലവ് കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

**തിയ്യതി : 2015 മാർച്ച് 14, ശനി – സമയം : 10.30am to 1.00pm**
**രൂപതാ പാസ്റ്ററൽ സെന്ററൽ, ചക്കാന്തറ, പാലക്കാട്**

**വിഷയം**

1. 2015 ഒക്ടോബറിൽ റോമിൽ നടക്കാനിരിക്കുന്ന സാധാരണ സിനഡിന്റെ **ലീനിയാമെന്താ** (പഠനരേഖ). **"കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും സമകാലീന ലോകത്തിലും".**

**ഈ വിഷയം രൂപതാ പാസ്റ്ററൽ കൗൺസിലിന് മുൻപായി ഫൊറോന പാസ്റ്ററൽ കൗൺസിലിൽ ചർച്ച ചെയ്യേണ്ടതാണ്.**

**ഫാ. അബ്രഹാം പാലത്തിങ്കൽ**
സെക്രട്ടറി, രൂപതാ പാസ്റ്ററൽ കൗൺസിൽ





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 07-Apr-15 | TUE | Rev. Fr. Ettonnil Gilbert |
| 08-Apr-15 | WED | Rev. Fr. Ettumanookaran Martin |
| 09-Apr-15 | THU | Rev. Fr. Kachapilly Joby |
| 10-Apr-15 | FRI | Rev. Fr. Kalampadan Martin |
| 11-Apr-15 | SAT | Rev. Fr. Kalan Dhanesh |
| 13-Apr-15 | MON | Rev. Fr. Kalapurakkal Joseph |
| 14-Apr-15 | TUE | Rev. Fr. Kalarickal Shinoj |
| 15-Apr-15 | WED | Rev. Fr. Kallingal Joseph |
| 16-Apr-15 | THU | Rev. Fr. Kanjirathinkal Jobin |
| 17-Apr-15 | FRI | Rev. Fr. Kanjirathinkal Renny |
| 18-Apr-15 | SAT | Rev. Fr. Kannampadathil Johnson |
| 20-Apr-15 | MON | Rev. Fr. Kannampuzha C. Jose |
| 21-Apr-15 | TUE | Rev. Fr. Karikkattil Ceejo |
| 22-Apr-15 | WED | Rev. Fr. Kavalath James |
| 23-Apr-15 | THU | Rev. Fr. Keettikkal Anto |
| 24-Apr-15 | FRI | Rev. Fr. Kizhakkedath Roy |
| 25-Apr-15 | SAT | Rev. Fr. Kizhakkedath Thom |
| 27-Apr-15 | MON | Rev. Fr. Kochuparambil Jose |
| 28-Apr-15 | TUE | Rev. Fr. Kochupurackal Peter |
| 29-Apr-15 | WED | Rev. Fr. Kodakasseril Jomis |
| 30-Apr-15 | THU | Rev. Fr. Kolamkanny Justin |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകരുടെ അറിവ് നവീകരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് മാതൃകയാകാനും രൂപത വിശ്വാസ പരിശീലനവേദി മതാദ്ധ്യപകർക്കുവേണ്ടിയൊരുക്കുന്ന ഒരു പരിശീലന സഹായിയാണ് സ്കൊളാസ്റ്റിക് ടെസ്റ്റ്. ബ്രാക്കറ്റിൽനിന്ന് തിരഞ്ഞെടുത്ത് എഴുതുന്നരീതിയിലുള്ള 100 ചോദ്യങ്ങളും 3 ചോദ്യങ്ങൾ രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുവാനുള്ള രീതിയിലാണ് ചോദ്യപേപ്പർ. ഈ ടെസ്റ്റ് 2015 മാർച്ച് 1-ാം തിയ്യതി ഞായറാഴ്ച രാവിലെ 10.00 മുതൽ 12.30 വരെ അതാത് യൂണിറ്റുകളിൽവെച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും സ്കൊളാസ്റ്റിക് ടെസ്റ്റ് നിർബന്ധമായും എഴുതേണ്ടതാണ്. മാർച്ച് 2-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**പഠനഭാഗം :**

1. വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 100 മുതൽ 143 വരെ) - 40%
2. വി. ലൂക്കായുടെ സുവിശേഷം (ലോഗോസ് പഠനഭാഗം) - 40%
3. യേശുവിന്റെ അധ്യാപനകല - 10%
4. സഭാസംബന്ധമായ പൊതുവിജ്ഞാനം - 10% (ജനപ്രകാശം (വേദപ്രകാശം പേജ്)2014 ഒക്ടോബർ മുതൽ 2015 ഫെബ്രുവരി)

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കുക എന്ന ലക്ഷ്യത്തോടെ കടമ്പഴിപ്പുറം എന്ന യൂണിറ്റ് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**II HDC RANK LIST 2014-15**

I Sebin Thomas, Thathamangalam
II Sophy Sunil, Poonchola
III Linta Mathew, Melarcode

**X RANK LIST 2014-15**

I Akhila Nebu, Sreekrishnapuram
II Rose Mariyat Jose, Kanjikode





III JeenaSanto,Koonathara

**റീ-എക്സാമിനേഷൻ**

HDC ക്ലാസുകളിലെ പരീക്ഷ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ - എക്സാമിനേഷൻ **ഏപ്രിൽ 12-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും. **ഏപ്രിൽ 13-ാം** തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. II HDC ക്ലാസിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 3-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV, VII, X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 8-ാംതിയ്യതി ഞായറാഴ്ചയാണ്. പള്ളിയുടെ ലെറ്റർപാഡിൽ എഴുതി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. IV, VII, X എന്നീക്ലാസ്സുകളിൽ നിന്ന് കുറഞ്ഞത് 70 ശതമാനമെങ്കിലും മാർക്കുള്ള 3 പേർക്ക് പങ്കെടുക്കാവുന്നതാണ്. **സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 11-ാം തിയ്യതി ശനിയാഴ്ച 10.00am മുതൽ 12.30pm അതാതു ഫൊറോന കേന്ദ്രത്തിൽവച്ച് ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിലാണ് നടക്കുക. ചോദ്യപേപ്പർ രൂപതാകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.**
(വിശ്വാസപരിശീലന കലണ്ടർ 35-ാം പേജ് കാണുക).

**പഠനഭാഗം**

**ക്ലാസ്സ് VII, X** : പാഠപുസ്തകം, ഉപപാഠം - 65 മാർക്ക്, ബൈബിൾ - 25 മാർക്ക് (ലേവ്യർ 15-27, ലൂക്കാ 13-24 അദ്ധ്യായങ്ങൾ), സഭാസംബന്ധമായ പൊതുവിജ്ഞാനം (വിശ്വാസപരിശീലനത്തിന് ഒരു വഴിക്കാട്ടി) - 10 മാർക്ക്.
**ക്ലാസ്സ് IV** : പാഠപുസ്തകം, നമസ്ക്കാരം - 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം - 25 മാർക്ക്, സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്.

ഉത്തരക്കടലാസുകൾ **ഏപ്രിൽ 13** ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

NB: ഫോൺ വഴിയുള്ള രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

**സ്കോളർഷിപ്പ് പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | ഫൊറോനപാരിഷ്ഹാൾ |
| മംഗലം ഡാം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മണ്ണാർക്കാട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മേലാർക്കോട് ഫൊറോന | ചിറ്റിലഞ്ചേരി പാരിഷ്ഹാൾ |

| | |
|---|---|
| ഒലവക്കോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| ഒറ്റപ്പാലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| പാലക്കാട് ഫൊറോന | കത്തിഡ്രൽ സ്കൂൾ |
| പൊന്നംകോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| തത്തമംഗലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| താവളം ഫൊറോന | കൂക്കംപാളയം സ്കൂൾ |
| വടക്കഞ്ചേരി ഫൊറോന | ചെറുപുഷ്പം സ്കൂൾ |

**മൂല്യനിർണ്ണയം**

സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണ്ണയം ഏപ്രിൽ 26-ാം തിയ്യതി ഞായറാഴ്ച 10.00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ടീച്ചേഴ്സ്, പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**smcc പ്രതിഭാസംഗമം (ഏഴാം ക്ലാസ്)**

ഏഴാം ക്ലാസിൽ ഈ വർഷം സ്കോളർഷിപ്പിൽ ഉന്നത മാർക്ക് നേടിയ രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിലെ പ്രതിഭാസംഗമത്തിന് പോകുവാനുള്ള അവസരം ഉണ്ട്. ആയതിനാൽ എല്ലാ കുട്ടികളും നന്നായി പഠിച്ചൊരുങ്ങി പരീക്ഷ എഴുതാൻ ശ്രദ്ധിക്കുമല്ലോ.

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി **പാസ്റ്ററൽ സെന്ററിൽ** വച്ച് രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധനകേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ.

ക്യാമ്പുകൾ നടക്കുന്ന തിയ്യതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| മാർച്ച് 25,26 | വടക്കഞ്ചേരി ഫൊറോന |
| മാർച്ച് 27,28 | പാലക്കാട് ഫൊറോന |
| ഏപ്രിൽ 6,7 | ഒറ്റപ്പാലം ഫൊറോന |
| ഏപ്രിൽ 8,9 | താവളം ഫൊറോന(സ്ഥലം: താവളം പാരിഷ് ഹാൾ) |
| ഏപ്രിൽ 10,11 | മംഗലം ഡാം ഫൊറോന |
| ഏപ്രിൽ 13,14 | പൊന്നംകോട് ഫൊറോന |
| ഏപ്രിൽ 16,17 | മണ്ണാർക്കാട് ഫൊറോന |
| ഏപ്രിൽ 20,21 | ഒലവക്കോട്, മേലാർക്കോട് ഫൊറോനകൾ |
| ഏപ്രിൽ 23,24 | കാഞ്ഞിരപ്പുഴ, തത്തമംഗലം ഫൊറോന |





ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് **200 രൂപയാണ് രജി. ഫീസ്.**

**സൺഡേ സ്കൂൾ റിസൾട്ട്**

വേദപാഠ പരീക്ഷയുടെ റിസൾട്ട്(1 മുതൽ 9 ക്ലാസുകൾ) മാർച്ച് 8 ന് എല്ലാ സൺഡേ സ്കൂളുകളിലും പ്രസിദ്ധീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. രൂപതയിലെ എല്ലാ ഇടവകകളിലും ഒരേ ദിവസംതന്നെ റിസൾട്ട് പ്രസിദ്ധീകരിക്കാൻ വേണ്ടിയാണിത്.

**രൂപതാ മതബോധന കൗൺസിൽ**

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 25-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**ഫൊറോന കൗൺസിൽ**

| ഫൊറോന | തിയ്യതി | സമയം |
|---|---|---|
| പൊന്നംകോട് | 21.02.2015 ശനി | 9.30 am – 11.30 am |
| ഒലവക്കോട് | 08.03.2015 ഞായർ | 2.30 pm – 4.00 pm |
| പാലക്കാട് | 14.03.2015 ശനി | 3.00 pm – 4.30 pm |
| കാഞ്ഞിരപ്പുഴ | 15.03.2015 ഞായർ | 2.00 pm – 4.00 pm |
| വടക്കഞ്ചേരി | 21.03.2015 ശനി | 10.00 am – 12.00 pm |
| മംഗലംഡാം | 21.03.2015 ശനി | 2.30 pm – 4.00 pm |
| താവളം | 09.04.2015 വ്യാഴം | 2.00 pm – 4.00 pm |
| മണ്ണാർക്കാട് | 11.04.2015 ശനി | 10.00 am – 12.00 pm |
| ഒറ്റപ്പാലം | 11.04.2015 ശനി | 2.00 pm – 4.00 pm |
| മേലാർക്കോട് | 15.04.2015 ബുധൻ | 10.00 am – 12.00 pm |
| തത്തമംഗലം | 15.04.2015 ബുധൻ | 2.30 pm – 4.00 pm |

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ ഉൾപ്പെടുത്തി നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**വെബ്ബ് എൻട്രി :** തങ്ങളുടെ യൂണിറ്റിലെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റാ കളക്ട് ചെയ്ത് കാറ്റകിസം വെബ്ബ്സൈറ്റിൽ ചേർക്കേണ്ടതായിട്ടുണ്ട്. ചില ഇടവകകളിൽ ഇക്കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും എല്ലായിടത്തും ഇക്കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇതിനുവേണ്ടി പ്രധാനാദ്ധ്യാപകർ ഇടവകയിലെ കമ്പ്യൂട്ടർ പരിജ്ഞാന

മുള്ള ആരെയെങ്കിലും നിയോഗിച്ച് കാര്യങ്ങൾ അപ്ഡേറ്റ് ചെയ്ത് വിശ്വാസപരിശീലനം സുഗമമാക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ കാര്യം ചെയ്യുന്നയാളുടെ ഫോൺ നമ്പർ കാറ്റകിസം ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കണം.

## റെഗുലർ സ്കൂൾ വിശ്വാസ - ധാർമ്മിക പരിശീലന വാർത്തകൾ

### റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്

വിശ്വാസരൂപീകരണ കർമ്മപദ്ധതി അദ്ധ്യായന വർഷത്തിൽ പ്രാവർത്തികമാക്കിയതിന്റെ റിപ്പോർട്ട് മാർച്ച് 28-ാം തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള(കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് സ്കോളർഷിപ്പിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 3-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ സ്ക്കൂളിന്റെ ലെറ്റർപാഡിൽ എഴുതി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 1-ാം തിയ്യതി ബുധനാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു. സ്കോളർഷിപ്പു പരീക്ഷയുടെ ഉത്തരക്കടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം ഏപ്രിൽ 2-ാം തിയ്യതി വ്യാഴാഴ്ചയാണ്.

### സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃതമൂല്യ നിർണ്ണയം

ഏപ്രിൽ 10-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 10.00 മുതൽ 4.00 വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൊണ്ടുവരേണ്ടതാണ്. മൂല്യനിർണ്ണയത്തിന് അതതു ക്ലാസുകളിലെ അദ്ധ്യാപകർ സഹകരിക്കേണ്ടതാണ്.

NB: ഫോൺ വഴിയുള്ള റജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

### പരീക്ഷാകേന്ദ്രങ്ങൾ

| | |
|---|---|
| പാലക്കാട് മേഖല | കാണിക്കമാതാ സ്കൂൾ |
| മണ്ണാർക്കാട് മേഖല | ഹോളിഫാമിലി സ്കൂൾ പൊന്നംകോട് |
| വടക്കഞ്ചേരി മേഖല | ചെറുപുഷ്പം സ്കൂൾ വടക്കഞ്ചേരി |
| താവളം മേഖല | സെന്റ് പീറ്റേഴ്സ് സ്കൂൾ കുക്കംപാളയം |

### റെഗുലർ സ്കൂൾ സംയുക്തമീറ്റിംഗ്

റെഗുലർ സ്കൂൾ കൗൺസിൽ മെമ്പർമാരുടെയും പ്രധാന അധ്യാപകരുടെയും സംയുക്തമീറ്റിംഗ് ഏപ്രിൽ 25-ാം തിയ്യതി ശനിയാഴ്ച 2 pm മുതൽ





4 pm വരെ പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. കഴിഞ്ഞ അധ്യയന വർഷത്തെ വിലയിരുത്തുന്നതിനോടൊപ്പം പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയെന്നതും കൗൺസിലിന്റെ ലക്ഷ്യമാണ്.എല്ലാ പ്രധാന അധ്യാപകരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## സ്റ്റാർസ്

Blogspot: starspalghat.blogspot.in

### അവധിക്കാല ഇംഗ്ലീഷ് കോഴ്സുകൾ

മാർച്ച് 27-ാം തിയ്യതി വെള്ളിയാഴ്ച സ്റ്റാർസ് മൂന്നാം ബാച്ചുകാർക്കും (ജൂനിയേഴ്സ്), മാർച്ച് 28-ാം തിയ്യതി ശനിയാഴ്ച രണ്ടാം ബാച്ചുകാർക്കുമായി രാവിലെ 10.00 മുതൽ 3.30 വരെ അവധിക്കാല ഇംഗ്ലീഷ് കോഴ്സ് നടത്തപ്പെടുന്നു.

### ഇന്റൻസീവ് കോഴ്സുകൾ

ഏപ്രിൽ, മെയ് മാസങ്ങളിലായി മൂന്നു ബാച്ചുകാർക്കും അവധിക്കാല ഇന്റൻസീവ് കോഴ്സുകൾ നടത്തപ്പെടുന്നു. ഓരോ ബാച്ചിനുമുള്ള തിയ്യതികൾ താഴെ ചേർക്കുന്നു.

| | |
|---|---|
| First Batch (Seniors) | : April 13 - 18 |
| | April 20 - 25 |
| Second Batch | : April 13 - 18 |
| | April 20 - 25 |
| | April 27 - May 02 |
| Third Batch (Juniors) | : April 27 - May 02 |
| | May 04 - 09 |

കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി
www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2015**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ്ക്വിസ് സെപ്തംബർ 27, 2 മണി മുതൽ 3.30 വരെയും സംസ്ഥാനതല ലോഗോസ്ക്വിസ് നവംബർ 28, 29 തിയ്യതികളിലുമായിരിക്കും.

**പഠന ഭാഗം**

1. സംഖ്യ 1 – 10
2. സുഭാഷിതങ്ങൾ 1 – 9
3. യോഹന്നാൻ 1 – 12
4. യൂദാസിന്റെ ലേഖനം

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**പ്രവർത്തനവർഷ ഉത്ഘാടനവും ലീഡേഴ്സ്-ആനിമേറ്റേഴ്സ് സംഗമവും**
തിരുബാലസംഖ്യത്തിന്റെ രൂപതാതലപ്രവർത്തനവർഷ ഉത്ഘാടനം 2015 ഫെബ്രുവരി 14-ാം തിയ്യതി ശനിയാഴ്ച നടത്തപ്പെട്ടു. പാലക്കാട് രൂപതാധ്യക്ഷൻ ജേക്കബ് മനത്തോടത്ത് പിതാവ് തിരിതെളിച്ച് പ്രവർത്തനവർഷം ഉത്ഘാടനം ചെയ്തു. രാജഗിരി ഇടവകയിലെ കുട്ടികളുടെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച ഉത്ഘാടന മീറ്റിംഗിൽ രൂപതാ ഡയറക്ടർ ഫാ.ജോമി തേക്കുംകാട്ടിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തിരുബാലസഖ്യം മുൻ രൂപതാഭാരവാഹികൾ വിശിഷ്ടാതിഥികൾക്ക് പൂച്ചെണ്ട് നല്കി. തിരുബാലസഖ്യം രൂപതാ കലോത്സവം ജൂനിയർ വിഭാഗം പ്രസംഗമത്സര വിജയി വർഷ അവതരിപ്പിച്ച പ്രസംഗം ഏവരുടെയും ശ്രദ്ധയാകർഷിച്ചു. തുടർന്ന് രൂപതാ ആനിമേറ്റർ സിസ്റ്റർ നിത്യ CHF എവർക്കും നന്ദി പറഞ്ഞു.
ഉത്ഘാടന സമ്മേളനത്തിനുശേഷം കുട്ടികൾക്ക് ക്ലാസ്സെടുത്തത് മാനന്തവാടി രൂപതാ CML ആനിമേറ്ററും, മുൻ സംസ്ഥാന CML ആനിമേറ്ററുമായ സിസ്റ്റർ ലിസ SKD യാണ്. വളരെ മനോഹരമായ നിമിഷങ്ങളാണ് ക്ലാസിലൂടെ കുട്ടികൾക്ക് ലഭിച്ചത്.





അന്നേ ദിനം തന്നെ രൂപതാതല, ഫൊറോനതല ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തപ്പെട്ടു.

**നന്ദി**
കഴിഞ്ഞ ഒരു വർഷക്കാലം സംഘടനയെ മുന്നോട്ട് നയിച്ച എല്ലാ ഡയറക്ടറച്ചന്മാർക്കും ആനിമേറ്റേഴ്സിനും കുട്ടികൾക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

**പുതിയ രൂപതാഭാരവാഹികൾ**

| | |
|---|---|
| ഡയറക്ടർ | : ഫാ. ജോമി തേക്കുംകാട്ടിൽ |
| ആനിമേറ്റർ | : സി. നിത്യ CHF, ചിറ്റൂർ |
| പ്രസിഡന്റ് | : നിതിൻ, ഒലവക്കോട് |
| വൈസ് പ്രസിഡന്റ് | : ഷീൻ, കത്തീഡ്രൽ |
| സെക്രട്ടറി | : ജീന, പാലപ്പുറം |
| ജോ. സെക്രട്ടറി | : മിലൻ, കരിമ്പ. |

**ഫൊറോന ഭാരവാഹികൾ**

| ഫൊറോന | ആനിമേറ്റർ | പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|---|
| താവളം | ആൻസി | ലിയ | ആൽബിൻ |
| മണ്ണാർക്കാട് | സി. സോഫി | നിഖിൽ | അയോണ |
| ഒറ്റപ്പാലം | സി. ജോസ്ന | സാന്ദ്ര | സാന്റോ |
| കാഞ്ഞിരപ്പുഴ | സി. അരുണ | ദിവ്യ | ആഷ്ബിൻ |
| പൊന്നംകോട് | റെജീന | അഞ്ജിത്ത് | |
| ഒലവക്കോട് | സോഫിയമ്മ | അനു വിജു | ആൻജോൺ |
| പാലക്കാട് | സി.ഗ്ലാഡിസ് | ഡാനിയൽ | എമിലിൻ |
| തത്തമംഗലം | | ആൻഡ്രിയ | ബെനഡിക്ട് |
| മേലാർക്കോട് | സി. സെലിൻ | ആൽബിൻ | ആൻമരിയ |
| വടക്കഞ്ചേരി | സി. ജാസ്മിൻ | അഗസ്റ്റിൻ | ജിയ |
| മംഗലംഡാം | സി. ഫ്ളവർ ജീസ് | അഗസ്റ്റിൻ | ഡിൽന |

ഏവർക്കും അഭിനന്ദനങ്ങൾ, ആശംസകൾ

**തിരുബാലസഖ്യദിനം**
ഈ വർഷത്തെ തിരുബാലസഖ്യദിനം നന്നായി നടത്തിയ എല്ലാ ഇടവകകൾക്കും നന്ദി. അന്നേ ദിനത്തെ സ്തോത്രക്കാഴ്ച രൂപതയിൽ ഏല്പിക്കുമല്ലോ.

**അവധിക്കാലം**
കുട്ടികളേ, ഈ അവധിക്കാലം നമുക്ക് നന്നായി ഉപയോഗിക്കാം. മറ്റുള്ളവരുമായി പങ്കുവെച്ച്കൊണ്ട് നമ്മുടെ വിശ്വാസത്തിൽ നമുക്ക് ജീവിക്കാം. ഏവർക്കും ഒരു നല്ല, അനുഗ്രഹപ്രദമായ അവധിക്കാലം ആശംസിക്കുന്നു.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# അൾത്താരസംഘം

Blogspot: abapalghat.blogspot.in

## പ്രവർത്തനവർഷ ഉദ്ഘാടനവും ലീഡേഴ്സ് ആനിമേറ്റേഴ്സ് മീറ്റും

അൾത്താരസംഘത്തിന്റെ രൂപതാതല ഉദ്ഘാടനം 2015 ഫെബ്രുവരി 14-ാം തിയ്യതി ശനിയാഴ്ച നടത്തപ്പെട്ടു. പാലക്കാട് രൂപതാ അദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പ്രവർത്തനവർഷം ഉത്ഘാടനം ചെയ്തു സംസാരിച്ചു. രാജഗിരി ഇടവകയിലെ കുട്ടികളുടെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച ഉത്ഘാടന മീറ്റിംഗിൽ ഫാ. ജോമി തേക്കുംകാട്ടിൽ എവർക്കും സ്വാഗതം ആശംസിച്ചു. അൾത്താരസംഘം രൂപതാ ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരിയും വൈസ്പ്രസിഡന്റ് സെബിൻ സ്ക്കറിയായും ആശംസകൾ നേർന്നു സംസാരിച്ചു. തിരുബാലസഖ്യം രൂപതാ കലോല്സവം ജൂനിയർ വിഭാഗം പ്രസംഗ മത്സര വിജയി വർഷ പ്രസംഗം അവതരിപ്പിച്ചു. തുടർന്ന് രൂപതാ ആനിമേറ്റർ സിസ്റ്റർ നിത്യ CHF ഏവർക്കും നന്ദി പറഞ്ഞു. ഉത്ഘാടന സമ്മേളനത്തിനുശേഷം ഫാ. സീജോ കാരിക്കാട്ടിൽ കുട്ടികൾക്കു ക്ലാസ്സെടുത്തു. ഈ സമയം അൾത്താരസംഘം ഡയറക്ടർ ആനിമേറ്റേഴ്സിനെ കണ്ടു സംസാരിച്ചു. 2014-15 പ്രവർത്തനവർഷത്തിലേക്ക് പുതിയ ആനിമേറ്റേഴ്സിനെയും ലീഡേഴ്സിനെയും തിരഞ്ഞെടുത്തു.

## ABA വാർഷിക റിപ്പോർട്ട്

ഓരോ ഇടവകയിലെയും അൾത്താരബാലന്മാരുടെ പ്രവർത്തനത്തെ വിലയിരുത്തി എ.ബി.എ. വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സ്, സെക്രട്ടറി, അംഗങ്ങൾ, ആനിമേറ്റർ തുടങ്ങിയകാര്യങ്ങൾ ഉൾച്ചേർക്കേണ്ടതുണ്ട്. കൂടാതെ മതബോധന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കി എന്ന കാര്യവും എ.ബി.എ. തിരുനാൾ ആഘോഷത്തെക്കുറിച്ചും എക്സ്പോഷർ പ്രോഗ്രാമിനെക്കുറിച്ചും പ്രതിപാദിക്കേണ്ടതാണ്. മാർച്ച് 15 ന് മുൻപ് വാർഷിക റിപ്പോർട്ട് പാസ്റ്ററൽ സെന്ററിൽ ഏല്പിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## നന്ദി

കഴിഞ്ഞ ഒരു വർഷക്കാലം സംഘടനയെ മുന്നോട്ട് നയിച്ച എല്ലാ ഡയറക്ടറച്ചന്മാർക്കും ആനിമേറ്റേഴ്സിനും കുട്ടികൾക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.





**രൂപതാഭാരവാഹികൾ**

| | | |
|---|---|---|
| ഡയറക്ടർ | : | ഫാ. ജോമിസ് കൊടകശ്ശേരിൽ |
| ആനിമേറ്റർ | : | സി. നിത്യ CHF, ചിറ്റൂർ |
| പ്രസിഡണ്ട് | : | സെബിൻ സ്കറിയ, ചീനിക്കപ്പാറ |
| വൈസ് പ്രസിഡണ്ട് | : | അശ്വിൻ, മണ്ണാർക്കാട് |
| സെക്രട്ടറി | : | ആഷ്‌ലിൻ, മണ്ണാർക്കാട് |
| ജോയിന്റ് സെക്രട്ടറി | : | ആൽബിൻ, ഒലവക്കോട് |
| ട്രഷറർ | : | ജിസ് മാത്യു |

**പുതിയ ഫൊറോന ആനിമേറ്റേഴ്സ്**

| ഫൊറോന | | ആനിമേറ്റർ |
|---|---|---|
| കാഞ്ഞിരപ്പുഴ | : | സി. അരുണ |
| മംഗലംഡാം | : | സി. ഫ്ളവർ ജീസ് |
| മണ്ണാർക്കാട് | : | സി. സോഫി |
| മേലാർക്കോട് | : | സി. സെലിൻ |
| ഒലവക്കോട് | : | സോഫിയമ്മ |
| ഒറ്റപ്പാലം | : | സി. ജോസ്ന |
| പാലക്കാട് | : | സി. ഗ്ലാഡിസ് |
| പൊന്നംങ്കോട് | : | റെജീന |
| തത്തമംഗലം | : | |
| താവളം | : | ആൻസി |
| വടക്കഞ്ചേരി | : | സി. ജാസ്മിൻ |

ഏവർക്കും സ്വാഗതവും നല്ല ഒരു വർഷവും നേരുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

# കെ. സി. എസ്. എൽ

പ്രിയ കെ.സി.എസ്.എൽ. അംഗങ്ങളെ,

കഴിഞ്ഞ 4 വർഷമായി കെ.സി.എസ്.എൽ. ന്റെ നേതൃത്വം ഏറ്റെടുത്ത് സംഘടനയെ മുന്നോട്ടു നയിച്ച റവ. ഫാ. ജിൻസ് പ്ലാത്തോട്ടത്തിലച്ചനെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇത്രയും നാൾ നമ്മെ നയിക്കുകയും വളർത്തുകയും ചെയ്ത ബഹു. ജിൻസ് അച്ചന് എല്ലാ കെ.സി.എസ്.എൽ. അംഗങ്ങളുടെ

പേരിലും നന്ദി അറിയിക്കുന്നു. ഒപ്പം തുടർന്നുള്ള അച്ചന്റെ പൗരോഹിത്യ ജീവിതത്തിന് എല്ലാ ആശംസകളും നേരുന്നു.

കെ.സി.എസ്.എൽ. ന്റെ പുതിയ ഡയറക്ടറായി സ്ഥാമേറ്റെടുത്ത റവ. ഫാ. ബിജു കുമ്മംകോട്ടിലിന് എല്ലാ കെ.സി.എസ്.എൽ അംഗങ്ങളുടെ പേരിൽ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും അച്ചന് എല്ലാവിധ ആശംസകൾ നേരുകയും ചെയ്യുന്നു.

**ഫാ. ബിജു കുമ്മംകോട്ടിൽ**
ഡയറക്ടർ, കെ.സി.എസ്.എൽ.

## ചെറുപുഷ്പ മിഷൻ ലീഗ്

**വിഷൻ മീറ്റ് 2015**

പാലക്കാട് രൂപത സി.എം.എൽ, സി.എൽ.സി സംഘടനകളുടെ സംയുക്ത നേതൃത്വത്തിൽ, ധോണി മരിയൻ റിന്യൂവൽ സെന്ററിൽ വിഷൻ മീറ്റ് 2015 നടത്തപ്പെടുന്നു. ഇടവകയിലെ സംഘടനകളുടെ നവീകരണത്തിനുവേണ്ടിയും ഇടവകകളെ ശക്തമാക്കുന്നതിനുവേണ്ടിയും മാർച്ച് 15-ാം തിയ്യതി ഞായറാഴ്ച വൈകിട്ട് 5 മുതൽ ആരംഭിച്ച് 20 -ാം തിയ്യതി വെള്ളിയാഴ്ച രാവിലെ അവസാനിക്കുന്ന വിഷൻ മീറ്റ് 2015 ൽ ഇടവക, ഫൊറോന, രൂപത (ശാഖ, മേഖല, രൂപത) ആനിമേറ്റേഴ്സിനെ നിർബന്ധമായും പങ്കെടുപ്പിക്കുമല്ലോ. മാർച്ച് 8-ാം തിയ്യതിക്കു മുമ്പ് ഫൊറോന ഡയറക്ടർമാരെ പേരുവിവരം അറിയിക്കുമല്ലോ. വിഷൻ മീറ്റ് 2015 ലേക്ക് ആത്മായ ആനിമേറ്റേഴ്സിനെയും സിസ്റ്റേഴ്സിനെയും നേതൃനിരയിലേയ്ക്ക് വരാൻ താൽപര്യമുള്ള മറ്റ് ആത്മായരെയും പറഞ്ഞുവിടുമല്ലോ. ഈ വിവരം പള്ളിയിലെ സംഘടനകളെ അറിയിക്കുമല്ലോ.

**കർമ്മപരിപാടികൾ - മാർച്ച്**

3 ചൊവ്വാ : വലിയനോമ്പ് ആരംഭിക്കുന്നു. സീറോമലബാർ-മലങ്കര സഭയിൽ - വിശ്വാസത്തിൽ വളരാനും വിശുദ്ധീകരിക്കപ്പെടുവാനും അംഗങ്ങൾ നോമ്പാചരണം നടത്തുക.

19 വ്യാഴം : വി. യൗസേപ്പിതാവിന്റെ തിരുനാൾ

25 ചൊവ്വ : മംഗളവാർത്ത തിരുനാൾ, ദൈവവിളി ദിനം, അസാധാരണ സമ്മേളനവും ദിവ്യകാരുണ്യ സ്വീകരണവും നടത്തുക.

ചിന്താവിഷയം : ഉത്ഥിതന്റെ വഴിയെ





**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം : പ്രേഷിത വീഥിയിൽ സേവനം ചെയ്യുന്നവർക്കു വേണ്ടി
* ശാഖ റിക്കോഡുകളും ഫയലുകുളും പൂർത്തീയാക്കുക.

**സുകൃതജപം** : വി. യൗസേപ്പേ, കുടുംബങ്ങൾക്ക് കാവൽ ആയിരിക്കണമേ

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

## സി. എൽ. സി

പ്രിയ സി. എൽ. സി. അംഗങ്ങളെ,

കഴിഞ്ഞ ഒരു വർഷമായി CLC-യുടെ നേതൃത്വം ഏറ്റെടുത്ത് പാലക്കാട് രൂപത CLC-യെ മുന്നോട്ട് നയിച്ച റവ. ഫാ. തോം കിഴക്കേടത്തച്ചനെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇത്രയും നാൾ നമ്മെ നയിക്കുകയും വളർത്തുകയും ചെയ്ത ബഹു. തോം അച്ചനെ എല്ലാ CLC അംഗങ്ങളുടെ പേരിലും നന്ദി അറിയിക്കുന്നു. ഒപ്പം തുടർന്നുള്ള അച്ചന്റെ പൗരോഹിത്യ ജീവിതത്തിന് എല്ലാ ആശംസകളും നേരുന്നു.

CLC-യുടെ പുതിയ ഡയറക്ടറായി സ്ഥാനമേറ്റെടുത്ത റവ. ഫാ. ബിജു കുമ്മംകോട്ടിലിന് എല്ലാ CLC അംഗങ്ങളുടെ പേരിൽ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും അച്ചന് എല്ലാവിധ ആശംസകൾ നേരുകയും ചെയ്യുന്നു.

**വിഷൻ മീറ്റ് 2015**

പാലക്കാട് രൂപത സി.എം.എൽ, സി.എൽ.സി സംഘടനകളുടെ സംയുക്ത നേതൃത്വത്തിൽ, ധോണി മരിയൻ റിന്യൂവൽ സെന്ററിൽ വിഷൻ മീറ്റ് 2015 നടത്തപ്പെടുന്നു. ഇടവകയിലെ സംഘടനകളുടെ നവീകരണത്തിനുവേണ്ടിയും ഇടവകകളെ ശക്തമാക്കുന്നതിനുവേണ്ടിയും മാർച്ച് 15-ാം തിയ്യതി ഞായറാഴ്ച്ച വൈകിട്ട് 5 മുതൽ 20 -ാം തിയ്യതി വെള്ളിയാഴ്ച്ച രാവിലെ അവസാനിക്കുന്ന വിഷൻ മീറ്റ് 2015 ൽ ഇടവക, ഫൊറോന, രൂപത (ശാഖ, മേഖല, രൂപത) ആനിമേറ്റേഴ്സിനെ നിർബന്ധമായും പങ്കെടുപ്പിക്കുമല്ലോ. മാർച്ച് 8-ാം തിയ്യതിക്കു മുമ്പ് ഫൊറോന ഡയറക്ടർമാരെ പേരുവിവരം അറിയിക്കുമല്ലോ. വിഷൻ മീറ്റ് 2015 ലേക്ക് ആത്മായ ആനിമേറ്റേഴ്സിനെയും സിസ്റ്റേഴ്സിനെയും നേതൃനിരയിലേയ്ക്ക് വരാൻ താൽപര്യമുള്ള മറ്റ് ആത്മായരെയും പറഞ്ഞുവിടുമല്ലോ. ഈ വിവരം പള്ളിയിലെ സംഘടനകളെ അറിയിക്കുമല്ലോ.

**ഫാ. ബിജു കുമ്മംകോട്ടിൽ**
ഡയറക്ടർ, സി.എൽ.സി.

# കെ. സി. വൈ. എം

**യുവപ്രയാൺ**

പാലക്കാട് രൂപതയിലെ മുഴുവൻ കെ.സി.വൈ.എം യൂണിറ്റുകളും സന്ദർശിച്ച് യുവജനങ്ങളെ കൂടുതൽ സംഘടിതരും പ്രവർത്തനനിരതരുമാക്കുക എന്ന ലക്ഷ്യവുമായി രൂപത സമിതി യുവപ്രയാൺ സംഘടിപ്പിക്കുന്നു. 2015 മാർച്ച് 1 മുതൽ മെയ് 31 വരെ നടക്കുന്ന യുവപ്രയാൺ പാലക്കാട് രൂപത മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് ഉദ്ഘാടനം ചെയ്യുന്നു. നിശ്ച യിക്കപ്പെട്ടിരിക്കുന്ന ഞായറാഴ്ച്ചകളിൽ ഫൊറോന അടിസ്ഥാനത്തിൽ യൂണിറ്റുകൾ സന്ദർശിക്കുന്നു. പ്രസ്തുത അവസരത്തിൽ പതാക ഉയർത്തൽ, പൊതുസമ്മേളനം, ചോദ്യോത്തരവേള, യൂണിറ്റ് പ്രവർത്തനങ്ങളുടെ വില യിരുത്തൽ, കർമ്മപദ്ധതി വിശദീകരണം, സമർപ്പിത വർഷത്തോടനുബ ന്ധിച്ച് ഭാരത വിശുദ്ധരോടുള്ള വണക്കം തുടങ്ങിയവ ഉണ്ടായിരിക്കും. രൂപത സമിതിയുടെ സന്ദർശവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അതത് ഫൊറോന പ്രസിഡന്റുമാർ മുഖേന യൂണിറ്റുകളെ അറിയിക്കുന്നതായിരി ക്കും. പ്രസ്തുത സന്ദർശനത്തിൽവച്ച് യൂണിറ്റ് അഫിലിയേഷനും പുതിയ അംഗത്വ രജിസ്ട്രേഷനും പൂർത്തൂകരിക്കേണ്ടതാണ്. കത്തോലിക്കാ യുവ ജന പ്രസ്ഥാനത്തിന് കൂടുതൽ ഉണർവ്വും കൂട്ടായ്മയും നൽകാനുള്ള ഈ പരിശ്രമത്തിന് എല്ലാ യുവജന പ്രവർത്തകരുടെയും ആത്മീയ നേതാക്കളു ടെയും പിന്തുണയും സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| മാർച്ച് 1 | - താവളം ഫൊറോന |
| മാർച്ച് 8 | - മണ്ണാർക്കാട് ഫൊറോന |
| മാർച്ച് 15 | - കാഞ്ഞിരപ്പുഴ ഫൊറോന |
| മാർച്ച് 22 | - പൊന്നംകോട് ഫൊറോന |
| ഏപ്രിൽ 19 | - വടക്കഞ്ചേരി ഫൊറോന |
| ഏപ്രിൽ 26 | - മംഗലംഡാം ഫൊറോന |
| മെയ് 3 | - മേലാർക്കോട് ഫൊറോന |
| മെയ് 10 | - തത്തമംഗലം ഫൊറോന |
| മെയ് 17 | - ഒറ്റപ്പാലം ഫൊറോന |
| മെയ് 24 | - ഒലവക്കോട് ഫൊറോന |
| മെയ് 31 | - പാലക്കാട് ഫൊറോന |

**ഇടവക ജനത്തിന്റെ പ്രാർത്ഥനാ നിയോഗങ്ങളുമായി കെ.സി.വൈ.എം. ജെല്ലിപ്പാറ കുരിശുമലയിലേക്ക്**

പാലക്കാട് രൂപതയുടെ പ്രഖ്യാപിത തീർത്ഥാടന കേന്ദ്രമായ ജെല്ലിപ്പാറ





കാൽവരിമൗണ്ട് കുരിശുമലയിലേക്ക് 2015 മാർച്ച് 14-ാം തിയ്യതി രൂപത സമി തിയുടെ നേതൃത്വത്തിൽ ശ്ലീവാപാത സംഘടിപ്പിക്കുന്നു. ഇവകയിലെ ജന ങ്ങളുടെ പ്രാർത്ഥന നിയോഗങ്ങൾ അതത് യൂണിറ്റിലെ കെ.സി.വൈ.എം. അംഗങ്ങൾ ശേഖരിച്ചു കൊണ്ടുവേണം തീർത്ഥാടനത്തിനെത്തുവാൻ. രാവിലെ 11 മണിക്ക് ജെല്ലിപ്പാറ പള്ളിയിൽ നിന്നും ആരംഭിക്കുന്ന കുരി ശിന്റെ വഴി ഉച്ചക്ക് 2 മണിയോടെ അവസാനിക്കും. എല്ലാ യൂണിറ്റുകളിൽ നിന്നും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുമല്ലോ. ക്രിസ്തുവിന്റെ വിശു ദ്ധിയിലേക്കും സ്നേഹത്തിലേക്കും വളരുവാൻ ഈ കുരിശിന്റെ വഴി സഹാ യകമാകട്ടെ.

**മേഖലതല കെ.സി.വൈ.എം. സെമിനാറുകൾ**

| | |
|---|---|
| ഏപ്രിൽ 15 | : മണ്ണാർക്കാട് മേഖല (കാഞ്ഞിരപ്പുഴ, മണ്ണാർക്കാട്, പൊന്നം കോട്, താവളം ഫൊറോനകൾ) |
| മെയ് 9 | : വടക്കഞ്ചേരി മേഖല (വടക്കഞ്ചേരി, മംഗലംഡാം, മേലാർക്കോട് ഫൊറോനകൾ) |
| ജൂൺ 13 | : പാലക്കാട് മേഖല (തത്തമംഗലം, ഒറ്റപ്പാലം, ഒലവക്കോട്, പാലക്കാട് ഫൊറോനകൾ) |

**കെ.സി.വൈ.എം. ട്രോഫീസ്**

സമ്മാനദാനത്തിനാവശ്യമായ ട്രോഫികൾ, മെഡലുകൾ, ഷീൽഡുകൾ എന്നിവ ഓർഡർ അനുസരിച്ച് പേരോടുകൂടി കുറഞ്ഞ വിലയ്ക്ക് കെ.സി. വൈ.എം. നല്കുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി ബന്ധ പ്പെടുക: 9562202502, 9645331832, 9037183626.

**ഫാ. സീജോ കാരിക്കാട്ടിൽ**
ഡയറക്ടർ

# ജീസസ് യൂത്ത്

**പ്രയർ ഗ്രൂപ്പ്**

ഫെബ്രുവരി 8-ാം തിയതി കുളക്കാട്ടുകുറിശ്ശി സെന്റ് ജെയിംസ് ദൈവാല യത്തിൽ ശ്രീകൃഷ്ണപുരം എൻജനീയറിങ്ങ് കോളേജിലെ ജീസസ് യൂത്ത് വിദ്യാർത്ഥികളുടെ സഹകരണത്തോടെ പുതിയ പ്രയർ ഗ്രൂപ്പ് ആരംഭിച്ചു. മാസത്തിലെ ആദ്യ ഞായറാഴ്ചകളിൽ ഇടവക ദൈവാലയത്തിൽവച്ച് പ്രയർ മീറ്റിംങ്ങ് ഉണ്ടായിരിക്കുന്നതാണ്. പ്രയർ മീറ്റിംങ്ങ് ആരംഭിക്കുന്നതിനായ് അവ സരമൊരുക്കിയ ഇടവക വികാരി ബഹു. ജിനോ പുറമഠത്തിലച്ചന് പ്രത്യേകം നന്ദി.

**കെ.വൈ.സി.റ്റി പുനസംഘടന**

ഫെബ്രുവരി 13,14,15 തിയതികളിൽ കളമശ്ശേരി എമ്മാവൂസിൽവച്ച് ജീസസ് യൂത്തിന്റെ പുതിയ കേരള ടീം തിഞ്ഞെടുക്കപ്പെട്ടു. പാലക്കാട് സോണിൽ നിന്നും 5 പേർ പുനസംഘടന സമ്മേളനത്തിൽ പങ്കെടുത്തു. കെ.വൈ. സി.റ്റിയുടെ കോർഡിനേറ്ററായി കോഴിക്കോട് സ്വദേശി മിഥുൻ പോളും അസ്സി സ്റ്റന്റ് കോഡിനേറ്ററായി ഇടുക്കി സ്വദേശി അനീഷ് കെ. തോമസും തിര ഞ്ഞെടുക്കപ്പെട്ടു. പുതിയ കെ.വൈ.സി.റ്റി ടീമിന് പാലക്കാട് സോണിന്റെ പ്രാർത്ഥനാശംസകൾ. ഇക്കഴിഞ്ഞ രണ്ട് വർഷങ്ങൾ ദൈവം ഏൽപ്പിച്ച ദൗത്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിച്ച മുൻ കോർഡിനേറ്റർ ശ്രീ. സിൻജോ പി.കെ.യ്ക്കും ടീമംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. പ്രത്യേ കിച്ച് പാലക്കാട് സോണിനുവേണ്ടി സിൻജോ പി.കെ.യുടെ സ്തുത്യർഹ മായ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു.

**ഹൗസ് ഹോൾഡ്**

ഫെബ്രുവരി 15 ന് മേപ്പറമ്പ് ചെറുപുഷ്പാലയത്തിൽവച്ച് ജീസസ് യൂത്ത് ഹൗസ് ഹോൾഡ് നടത്തപ്പെട്ടു. 40-ഓളം പേർ പ്രസ്തുത കൂട്ടായ്മയിൽ സംബന്ധിച്ചു.

**കാരിസ് 2k15**

ഫെബ്രുവരി 25-ാം തിയ്യതി അകത്തേത്തറ എൻ.എസ്.എസ്. എൻജിനീ റിങ്ങ് കോളേജിലെ ജീസസ് യൂത്ത് വിദ്യാർത്ഥികൾ തങ്ങളുടെ കോളേ ജിലെ വിദ്യാർത്ഥികൾക്കായി നടത്തിയ ഏകദിന പരിപാടിയാണ് കാരിസ് '2k15'. ഒലവക്കോട് സെന്റ് ജോസഫ് ഫൊറോനപള്ളിയുടെ പാരീഷ്ഹാ ളിൽ വച്ച് രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണിവരെ നടന്ന പ്രോഗ്രാ മിൽ തൃശ്ശൂരിൽ നിന്നെത്തിയ ശ്രീ. ജിജോ കല്ലൂർ ക്ലാസുകൾക്ക് നേതൃത്വം നല്കി.

**ജീസസ് യൂത്ത് ഏകദിനം**

ഫെബ്രുവരി 28 ന് പാലക്കാട്ട് പാസ്റ്ററൽ സെന്ററിൽവച്ച് ജീസസ് യൂത്ത് ഏകദിന കൂട്ടായ്മ നടത്തപ്പെട്ടു. 70 പേർ പങ്കെടുത്ത കൂട്ടായ്മയിൽ ഇരി ങ്ങാലക്കുടയിൽ നിന്നെത്തിയ ജീസസ് യൂത്ത് ഫുൾടൈമറായിരുന്ന ശ്രീ. അനൂപ് ക്ലാസുകൾക്ക് നേതൃത്വം നല്കി. ജീസസ് യൂത്ത് മ്യൂസിക് മിനി സ്ട്രിയുടെയും ഓഡിയോവിഷ്വൽ മിനിസ്ട്രിയുടെയും അവതരണങ്ങൾ ഏക ദിനത്തിന് കൂടുതൽ മിഴിവേകി. വി. കുർബാനയോടെ പ്രോഗ്രാം സമാപിച്ചു.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ





## ALL KERALA CATHOLIC CONGRESS (A.K.C.C)

സമുദായ ശബ്ദമായ കത്തോലിക്ക കോൺഗ്രസ്സിന്റെ ശാഖകൾ നമ്മുടെ രൂപതയിൽ സ്ഥാപിച്ചു തുടങ്ങി. പാലക്കാട് രൂപതയെ പാലക്കാട്, വടക്കും ഞ്ചേരി, കാഞ്ഞിരപ്പുഴ, മണ്ണാർക്കാട്, അട്ടപ്പാടി എന്നീ 5 മേഖലകളായി തിരി ച്ചിരിക്കുന്നു. 300 ൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവകകൾ ഓരോ യൂണി റ്റായും മറ്റു ഇടവകകളെ യോജിപ്പിച്ചുകൊണ്ട് 25 യൂണിറ്റുകളും രൂപീകരി ക്കുന്നു. ഇപ്രകാരം 31 യൂണിറ്റുകൾ രൂപതയിൽ പ്രാബല്യത്തിൽ വരും. സ്ഥാപിക്കപ്പെട്ട യൂണിറ്റുകളും അവയുടെ ഭാരവാഹികളുടെയും പേരുകൾ താഴെ ചേർക്കുന്നു.

**I. കാഞ്ഞിരപ്പുഴ മേഖല:**

1. കാഞ്ഞിരപ്പുഴ യൂണിറ്റ്
   - പ്രസിഡന്റ് : സണ്ണി കിഴക്കേക്കര
   - സെക്രട്ടറി : ജോർജ്ജ് നടയ്ക്കൽ
   - ട്രഷറർ : ജോസഫ് വെട്ടുകാട്ടിൽ
2. ഇരുമ്പകച്ചോല യൂണിറ്റ്
   - പ്രസിഡന്റ് : മൈക്കിൾ ചെമ്മറാപള്ളിൽ
   - സെക്രട്ടറി : സാബു മൈലംവേലി
   - ട്രഷറർ : സിബി കുന്നത്തൂർ
3. പാലക്കയം യൂണിറ്റ്
   - പ്രസിഡന്റ് : അഡ്വ. ബോബി പൂവത്തിങ്കൽ
   - സെക്രട്ടറി : സജീവ് മാത്യു
   - ട്രഷറർ : സിബി കാഞ്ഞിരപ്പാറ
4. പൊന്നംകോട് യൂണിറ്റ്
   - പ്രസിഡന്റ് : ഫ്രാൻസീസ് തുടിയംപ്ലാക്കൽ
   - സെക്രട്ടറി : ജോളി തെക്കെയിൽ
   - ട്രഷറർ : ടൈറ്റസ് വെട്ടുവയലിൽ
5. കല്ലടിക്കോട് യൂണിറ്റ്
   - പ്രസിഡന്റ് : ടോമി കുമ്പളത്താനത്ത്
   - സെക്രട്ടറി : മാത്യു ചെമ്പനാംകുന്നേൽ
   - ട്രഷറർ : ജോസ് അരീക്കൽ
6. കാരാകുറിശ്ശി യൂണിറ്റ് : (മാർച്ച് 21 ന് 10 മണിക്ക് രൂപീകരിക്കും)

കാഞ്ഞിരപ്പുഴ ഫൊറോന ഓർഗനൈസർ: ജോൺ ഐസക്

പൊന്നംകോട് ഫൊറോന ഓർഗനൈസർ: തോമസ് ആന്റണി

**II. പാലക്കാട് മേഖല:**

7. കത്തീഡ്രൽ യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ജോസ് മേനാച്ചേരി |
| സെക്രട്ടറി | : | റാഫേൽ എ.എം. |
| ട്രഷറർ | : | ചാക്കോ മെതികളം |

8. പാലക്കാട് ടൗൺ യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ജോസ് മുക്കട |
| സെക്രട്ടറി | : | ജോസ് വലിയാൻങ്കൽ |
| ട്രഷറർ | : | ജോസ് ആരിശ്ശേരിൽ |

9. കഞ്ചിക്കോട് യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ജെയിംസ് ജെ.പി. |
| സെക്രട്ടറി | : | സന്തോഷ് കാവാലം |
| ട്രഷറർ | : | ജോയി വൈ. |

10. യാക്കര യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ജോജി ജോസഫ് എ. |
| സെക്രട്ടറി | : | ജോഷി ചിറ്റിലപ്പിള്ളി |
| ട്രഷറർ | : | ലിജു ജോസഫ് |

പാലക്കാട് ഫൊറോന ഓർഗനൈസർ: പ്രകാശ് ഫ്രാൻസീസ്.

**പുതിയ യൂണിറ്റുകളുടെ സ്ഥാപനം:**

1. പാലക്കാട് മേഖല

   ഒലവക്കോട് ഫൊറോന : മാർച്ച് 1

   തത്തമംഗലം ഫൊറോന : മാർച്ച് 22

2. വടക്കുംഞ്ചേരി മേഖല

   വടക്കുംഞ്ചേരി ഫൊറോന: മാർച്ച് 8

   മേലാർക്കോട് ഫൊറോന: മാർച്ച് 29

   മംഗലം ഡാം ഫൊറോന : മാർച്ച് 15

3. മണ്ണാർക്കാട് മേഖല

   മണ്ണാർക്കാട് ഫൊറോന : മാർച്ച് 28

   ഒറ്റപ്പാലം ഫൊറോന : മാർച്ച് 21

4. അട്ടപ്പാടി മേഖല : മാർച്ച് 7

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ





# ഫാമിലി അപ്പോസ്തലേറ്റ്

**ജീവന്റെ ദിനം**

മംഗളവാർത്ത ദിനമാണ് (മാർച്ച് 25) ജീവന്റെ ദിനമായി ആചരിക്കുന്നത്. സൗകര്യത്തിനുവേണ്ടി അതിനുമുമ്പുള്ള ഞായറാഴ്ച്ച മാർച്ച് 22 ന് നമ്മുടെ രൂപതയിൽ ജീവന്റെ ദിനമായി ആചരിക്കുന്നു. കുടുംബങ്ങളിൽ ഉണ്ടാകേണ്ട കുഞ്ഞുങ്ങളുടെ സമൃദ്ധിയെക്കുറിച്ചും ജീവനെതിരായ വെല്ലുവിളികളെപ്പറ്റിയുമാണ് അന്നത്തെ ചിന്താവിഷയം. ഇടവകകളിൽ എത്തിക്കുന്ന നോട്ടീസുകൾ വിതരണം ചെയ്തും ജീവന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള സന്ദേശം നൽകിയും ദൈവജനത്തെ പ്രബുദ്ധരാക്കുമല്ലോ.

**പ്രീകാന കോഴ്സ്**

മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പ്രീകാന മാർച്ച് 23, 24, 25, 26 തിയ്യതികളിൽ നടത്തപ്പെടുന്നു. ഈസ്റ്റർ കഴിഞ്ഞാൽ ഉടനെ വിവാഹങ്ങൾ ഉള്ളതുകൊണ്ട് ഇപ്രകാരം ഒരു ക്രമീകരണം നടത്തിയിരിക്കുന്നത്.
പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



# കുടുംബകൂട്ടായ്മ

**കുടുംബക്കൂട്ടായ്മയും ചർച്ചാവേദിയും**

ഇടവകയുടെ ഒരു ചെറിയപതിപ്പാണ് കുടുംബയൂണിറ്റ്. കുടുംബസമ്മേളനത്തിൽ കുടുംബത്തിലെ എല്ലാവരെയും പങ്കെടുപ്പിക്കണം. ഇതൊരു സംഘടനയല്ല സംവിധാനമാണ്. ജനപ്രകാശത്തിലുള്ള കുടുംബക്കൂട്ടായ്മ ചർച്ചാവേദി നാം പ്രയോജനപ്പെടുത്തണം. ചർച്ചയ്ക്കു സഹായിക്കുന്ന നല്ലൊരു പഠനമാണിത്. മാസത്തിലൊരിക്കൽ കുടുംബസമ്മേളനം എന്ന തത്വം മുടങ്ങാതിരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



# കരിസ്മാറ്റിക് വാർത്തകൾ

**സർവ്വീസ് ടീം പുനസംഘടന**

പാലക്കാട് സോണിലെ കരിസ്മാറ്റിക് നവീകരണത്തിന് നേതത്വം നല്കുന്ന സർവ്വീസ് ടീമിന്റെ പുനസംഘടന മാർച്ച് 6 വെള്ളി വൈകിട്ട് 4.30 മുതൽ 7 ശനി 4 വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. കെ.എസ്.റ്റി അംഗങ്ങളാണ് ഇതിന് നേതൃത്വം നൽകുന്നത്. പ്രത്യേകം ക്ഷണിക്കപ്പെട്ട വ്യക്തികളാണ് ഇതിൽ പങ്കെടുക്കുന്നത്. പുതിയ ഒരു ടീമിനായ് നമുക്ക് പ്രാർത്ഥിച്ചൊരുങ്ങാം.

**ഇടവക ധ്യാനങ്ങൾ**

കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ നോമ്പുകാലത്ത് ഇളവംമ്പാടം, ഇടയാർപാളയം എന്നീ ഇടവകകളിൽ ധ്യാനങ്ങൾ നടത്തുന്നു. ഇളവംമ്പാടത്ത് മാർച്ച് 22 മുതൽ 25 വരെയും ഇടയാർപാളയത്ത് 29 മുതൽ 31 വരെയുമാണ് ധ്യാനങ്ങൾ. ധ്യാനത്തിന്റെ ഒരുക്കമായി ഇളവംമ്പാടത്ത് പെബ്രുവരി 22 നും ഇടയാർപാളയത്ത് മാർച്ച് 1 നും സോണൽ ടീമിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തുകയുണ്ടായി.

**സോണൽ മദ്ധ്യസ്ഥ പ്രാർത്ഥന**

ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് പള്ളിയിൽവെച്ച് ഞായറാഴ്ചയും വിശേഷ ദിവസങ്ങളും ഒഴികെ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ ദിവ്യകാരുണ്യസന്നിധിയിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. നമ്മുടെ രൂപതയ്ക്കും സോണിലെ നവീകരണ ശുശ്രൂഷകൾക്കായും ലോകം മഴുവനും വേണ്ടിയും പ്രാർത്ഥിക്കുന്ന ഈ കൂട്ടായ്മയിലേയ്ക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

**ലീഡേഴ്സ് കൂട്ടായ്മ**

എല്ലാമാസവും 3-ാം ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെ ചന്ദ്രനഗർ പള്ളിയിൽവച്ച് നടത്തുന്നു. പഠനക്ലാസുകൾ, വി. കുർബാന, കുമ്പാസാരം, ദിവ്യകാരുണ്യ ആരാധന കൗൺസിലിംങ്ങ് എന്നീ ശുശ്രൂഷകൾ ഉണ്ടായിരിക്കും. കരിസ്മാറ്റിക് നേതൃത്വനിരയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ഇതിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.

**പുതിയ ശുശ്രൂഷകൾക്കായി പ്രാർത്ഥിക്കാം**

സീനിയർ സിറ്റിസൺസ് മിനിസ്ട്രി, ദമ്പതീ മിനിസ്ട്രി, ഏകസ്ഥജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ എന്നിവ പുതുതായി തുടങ്ങുവാൻ ആഗ്രഹിക്കുന്നു. ഇതിനായും ഇടവകകളിൽ കൂടുതൽ പ്രാർത്ഥനാ ഗ്രൂപ്പുകൾ ഉണ്ടാകുവാനും പ്രത്യേകം പ്രാർത്ഥിക്കണേ.





**സോണൽ ഏകദിന ബൈബിൾ കൺവൻഷൻ**

എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും ചന്ദ്രനഗർ പള്ളിയിൽവച്ച് ഏകദിന ബൈബിൾ കൺവൻഷൻ നടത്തുന്നു. ഡയറക്ടർ ഫാ. ഡൊമിനിക് ഐപ്പൻപറമ്പിലും സോണൽ സർവ്വീസ് ടീം അംഗങ്ങളും ശുശ്രൂഷകൾ നയിക്കുന്നു. വചനപ്രഘോഷണം, വി. കുർബാന, കുമ്പസാരം, ദിവ്യകാരുണ്യ ആരാധന, കൗൺസിലിംങ്ങ് ശുശ്രൂഷകൾ ഉണ്ടായിരിക്കും. രാവിലെ 9 മണിമുതൽ വൈകിട്ട് 4 മണിവരെയാണ് ശുശ്രൂഷകൾ നടത്തുന്നത്.

**ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ**
ഡയറക്ടർ

# സെമിനാരി വാർത്തകൾ

**ദൈവവിളി ധ്യാനം**

രൂപതയിലെ ദൈവവിളി ധ്യാനം ഏപ്രിൽ 6 തിങ്കളാഴ്ച്ച വൈകിട്ട് 4 മണിക്ക് ആരംഭിച്ച് 10-ാം തിയതി വെള്ളിയാച്ച് 10 മണിവരെ കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതാണ്. ഈ വർഷം പത്താം ക്ലാസ്, +2, ഡിഗ്രി പരീക്ഷ എഴുതിയിരിക്കുന്നവർക്കും മുമ്പ് പാസായവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരു വിവരം ബഹു. വികാരിയച്ചൻമാർ മാർച്ച് 15 ന് മുമ്പായി മൈനർ സെമിനാരിയിൽ അറിയിക്കുമല്ലോ. **സെമിനാരി: ഫോൺ : 0491 2535294, ഫാ. ജോജി വടക്കേക്കര (വൊക്കേഷൻ പ്രൊമോട്ടർ): 9446148405**

**ചെറുപട്ടങ്ങളും വൈദികവസ്ത്ര സ്വീകരണവും**

സെന്റ് റാഫേൽസ് കത്തീഡ്രലിൽവച്ച് മാർച്ച് 28 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ മ്ശംശാന, ഹെവ്പ്പദിയാക്ന, കാറോയ പട്ടങ്ങളും വൈദിക വസ്ത്ര സ്വീകരണവും നടത്തപ്പെടുന്നു. അർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

**സമ്മർ കാറ്റിക്കിസം**

ഇടവകകളിൽ ഇന്റൻസീവ് കാറ്റിക്കിസത്തിനായി നമ്മുടെ വൈദിക വിദ്യാർത്ഥികളെ ആവശ്യമുള്ളവർ മാർച്ച് 15 ന് മുമ്പായി ക്ലാസ്സുകളുടെ തിയതിയും ആവശ്യമുള്ള ബ്രദേഴ്സിന്റെ എണ്ണവും മൈനർ സെമിനാരിയിൽ അറിയിക്കേണ്ടതാണ്. **സെമിനാരി: ഫോൺ : 0491 2535294, ഫാ. ഷിജോ മാവറയിൽ: 9745573867**

**ക്ലാസ്സുകൾ നടത്തപ്പെടുന്ന തിയ്യതികൾ:**

ഏപ്രിൽ 06 – 11

ഏപ്രിൽ 13 – 18

ഏപ്രിൽ 20 – 25

ഏപ്രിൽ 27 – മെയ് 02

**വർക്ക് ക്യാമ്പ്**

ഈ വർഷത്തെ മേജർ സെമിനാരി ബ്രദേഴ്സിന്റെ വർക്ക് ക്യാമ്പ് യുവ ക്ഷേത്ര കോളേജിൽ വച്ച് മാർച്ച് 22 -ാം തിയതി ഞായറാഴ്ച്ച വൈകുന്നേരം തുടങ്ങി 27 -ാം തിയതി വരെ നടത്തപ്പെടുന്നു.

**ഫാ. സേവ്യർ മാറാമറ്റം**
റെക്ടർ

# വൊക്കേഷൻ ബ്യൂറോ

**ദർശൻ 2015**

2015 മാർച്ച് 31 രാവിലെ 9.30 മുതൽ ഏപ്രിൽ 01 വൈകിട്ട് 4 മണിവരെ പെൺകുട്ടികൾക്ക് വേണ്ടി ദൈവവിളി പ്രോത്സാഹന ക്യാമ്പ് ദർശൻ 2015 നടത്തപ്പെടുന്നു. ദൈവവിളി സംസ്കാരം നമ്മുടെ രൂപതയിലെ പള്ളികളിൽ രൂപപ്പെടുന്നതിനുവേണ്ടിയുള്ള ആദ്യ സംരംഭമാണിത്. ഇടവകകളിൽ നിന്നും താത്പര്യമുള്ള പത്താം ക്ലാസും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ള പെൺകുട്ടികൾ ദർശൻ 2015 ൽ സംബന്ധിക്കേണ്ടതാണ്. ഈ ക്യാമ്പിൽ പങ്കെടുക്കാത്തവരെ മറ്റു സന്യാസസമൂഹങ്ങളിൽ പ്രവേശിക്കുന്നത് പ്രോത്സാഹിപ്പിക്കുകയില്ല. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരു വിവരം മാർച്ച് 22നു മുമ്പായി വികാരിയച്ചന്മാർ വഴി മൈനർ സെമിനാരിയിൽ അറിയിക്കേണ്ടതാണ്. **ഫോൺ : 0491 2535294, ഫാ. ജോജി വടക്കേക്കര (വൊക്കേഷൻ പ്രൊമോട്ടർ): 9446148405**

NB: 1. ഈ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് വിഷൻ ക്യാമ്പിൽ പങ്കെടുക്കേണ്ട ആവശ്യമില്ല.

2. സന്യാസ സഭകളിലെ വൊക്കേഷൻ പ്രൊമോട്ടേഴ്സിന് ഒന്നാം തിയ്യതി ഉച്ചകഴിഞ്ഞ് 1.30 ന് കുട്ടികളെ കാണാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇതിനു ശേഷം മാത്രമേ സന്യാസസഭകൾ തങ്ങളുടെ വൊക്കേഷൻ ക്യാമ്പുകൾ നടത്താവു.

**ഫാ. ജോജി വടക്കേക്കര**
വൊക്കേഷൻ പ്രൊമോട്ടർ







# ജീസസ് ഫ്രറ്റേണിറ്റി

**ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്റെയടുത്തുവന്നു.**

ജയിലുകളിൽ കഴിയുന്ന അന്തേവാസികളുടെ മാനസിക സംഘർഷത്തിന് അയവ് വരുത്തുന്നതിനും മന:പരിവർത്തനം വരുത്തി അവരിലുള്ള കലാകായിക പ്രതിഭകളെ പരിപോഷിപ്പിച്ച് സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജയിൽ ദിനാഘോഷം സ്പെഷ്യൽ സബ് ജയിലിൽ പാലക്കാട് എം.എൽ.എ. ശ്രീ.ഷാഫി പറമ്പിൽ അവർകൾ ഉദ്ഘാടനം ചെയ്യുകയും, നഗരസഭ ചെയർമാൻ ശ്രീ. പി.വി. രാജേഷ് അവർകൾ അദ്ധ്യക്ഷത വഹിക്കുകയും ചെയ്ത പ്രസ്തുത ചടങ്ങിൽ രൂപത ജീസസ്സ് ഫ്രറ്റേണിറ്റി ഡയറക്ടർ ഫാ. മാർട്ടിൻ തട്ടിൽ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. തദവസരത്തിൽ കുറ്റവാളികളെയും കുറ്റാരോപിതരെയും ഒരുമിച്ച് ജയിലിൽ താമസിപ്പിക്കുന്നതിനു പകരം കുറ്റാരോപിതരെ നിരീക്ഷണവലയത്തിൽ ആക്കുകയും ക്രിമിനൽ കേസുകളിൽ ആയിരിക്കുന്ന കുറ്റവാളികളെ ശിക്ഷിക്കുകയും ചെയ്യുന്ന ഒരു സംവിധാനമാണ് നമുക്ക് ആവശ്യമെന്ന് അച്ചൻ എടുത്തുപറയുകയുണ്ടായി. തുടർന്ന് കഞ്ചിക്കോട് അസിസ്സീ സ്കൂളിലെ കുട്ടികളുടെ കലാവിരുന്ന് ജയിൽ ദിനാഘോഷത്തിന് മാറ്റുകൂട്ടി.

ജനുവരി മാസത്തിലെ പ്രാർത്ഥനാ കൂട്ടായ്മ കഞ്ചിക്കോട് അസിസ്സീ കോൺവെന്റിൽ വച്ച് നടത്തപ്പെട്ടു. മാർച്ചുമാസത്തെ പ്രാർത്ഥന 7-ാം തിയ്യതി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ നടത്തപ്പെടുന്നു.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ



# മദ്യവിരുദ്ധ സമിതി

**മാർച്ച് 8 : മദ്യവിരുദ്ധ ഞായർ**

കെ.സി.ബി.സി.യുടെ ആഹ്വാനം അനുസരിച്ച് വലിയ നോമ്പിലെ മൂന്നാമത്തെ ഞായറാഴ്ച മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലൊ (2015 മാർച്ച് 8). അന്നേദിവസം ഓരോ ഇടവകയിലും പ്രത്യേക പ്രാർത്ഥനകളും സെമിനാറുകളും ചർച്ചാ സംവാദങ്ങളും നടത്താൻ താല്പര്യപ്പെടുന്നു. കുർബാനയുടെ ഇടയിലുള്ള നേർച്ച പിരിവ് മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. വി. കുർബാ

നയുടെയിടയിലുള്ള പ്രസംഗത്തിൽ മദ്യം, മയക്കുമരുന്ന്, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയുടെ ദൂഷ്യഫലങ്ങളെപ്പറ്റി സൂചിപ്പിക്കാൻ പ്രത്യേകം ഓർമ്മിപ്പിക്കുമല്ലോ.

**യൂണിറ്റ്/ഇടവകതല തെരഞ്ഞെടുപ്പ്**

മാർച്ച് 8 ഞായറാഴ്ച മദ്യവിരുദ്ധസമിതിയുടെ നിയമാവലി അനുസരിച്ചുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകയിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ എന്നിവരെയും രൂപതാസമിതിയിലേക്ക് ഒരു കൗൺസിലറെയും ആനിമേറ്ററായി ഒരു സന്യാസിനിയേയും തിരഞ്ഞെടുക്കേണ്ടതാണ്. കൂടാതെ 5 എക്സിക്യൂട്ടീവ് അംഗങ്ങളെയും തിരഞ്ഞെടുക്കണം. യോഗത്തിൽ പങ്കെടുത്തവരുടെ പേരും ഭാരവാഹികകളുടെ പേരും വിലാസവും ഫോൺനമ്പറുകളും പ്രത്യേക ഫോറത്തിലെഴുതി ഫാ. ജീജോ പാറയിൽ, മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ, ആയുർപാലന ഹോസ്പിറ്റൽ, കണ്ണാടി, പാലക്കാട് എന്നവിലാസത്തിൽ ഏല്പിക്കേണ്ടതാണ്.

**മേഖല, ഫൊറോന, രൂപതാതല തിരഞ്ഞെടുപ്പുകൾ**

മദ്യവിരുദ്ധസമിതിയുടെ 11 ഫൊറോനാസമിതികളിലേക്കും 4 മേഖലാസമിതികളിലേക്കും രൂപതാ സമിതിയിലേക്കുമുള്ള തിരഞ്ഞെടുപ്പ് ഏപ്രിൽ മാസത്തോടെ പൂർത്തിയാകുന്നതാണ്.

**ഫാ. ജീജോ പാറയിൽ**
ഡയറക്ടർ

## അസോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

**ട്രെയിനിംഗുകൾ**

രൂപതയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളിൽ ആവശ്യമായ തൊഴിലധിഷ്ഠിത ട്രെയിനിംഗുകൾ (പേപ്പർ ഫയൽ, പേപ്പർ ബാഗ്, കവറുകൾ, മെഴുകുതിരി നിർമ്മാണം, കുട നിർമ്മാണം, സോപ്പുപൊടി നിർമ്മാണം തുടങ്ങി അനവധി കോഴ്സുകൾ) PSSPയുടെ കീഴിലുള്ള ജൻ ശിക്ഷൻ സൻസ്ഥാൻ വഴി പഠിപ്പിക്കുന്നതാണ്. (ഫോൺ: 9400299234)

**മീറ്റിംഗ്**

ഏപ്രിൽ മാസം അവസാനത്തെ ആഴ്ച രൂപതയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ മീറ്റിംഗ് ഉണ്ടായിരുക്കുന്നതാണ്.

**ഓർഫനേജ് റേഷൻ വിതരണം**

ഓർഫനേജുകളിലേക്കുള്ള റേഷൻസാധനങ്ങൾ കിട്ടാതിരിക്കുന്ന സ്ഥാപനങ്ങൾ രൂപതാ കെയർ ഹോംസ് ഡയറക്ടറുമായി ബന്ധപ്പെടുക. (ഫോൺ: 9400299234)





**നന്ദി**

രൂപതാകാര്യാലയത്തിൽ നടന്ന ഓർഫനേജുകളുടെ മീറ്റിംഗിലും ഗ്രാന്റ് സംബന്ധിച്ച കണക്കവതരണത്തിലും പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ

## സെഹിയോൻ മിനിസ്ട്രീസ്

### സെഹിയോൻ ധ്യാനകേന്ദ്രം

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| മാർച്ച് | 08-13 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് | 15-20 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് | 22-27 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 253496

**പ്രീസ്റ്റ് ഗ്രാന്റ് കോൺഫറൻസ്**

സെഹിയോനിലെ ധ്യാനം കൂടിയ വൈദികർക്കുവേണ്ടി 2015 ജൂൺ 22 മുതൽ 25 വരെ പ്രീസ്റ്റ് ഗ്രാന്റ് കോൺഫറൻസ് നടത്തപ്പെടുന്നു.

**ജീവിതാന്തസ് വിവേചന ധ്യാനം**

2015 ഏപ്രിൽ 17 മുതൽ 19 വരെ സെഹിയോൻ ധ്യാനകേന്ദ്രത്തിൽവെച്ച് പ്ലസ് ടു മുതലുള്ള യുവജനങ്ങൾക്കുവേണ്ടി ജീവിതാന്തസ് വിവേചന ധ്യാനം നടത്തപ്പെടുന്നു. ബുക്കിംഗിന് : 04924 253496, 8281473647

**സെഹിയോനിലെ മാറിയ ഫോൺനമ്പറുകൾ**

പ്രാർത്ഥനാസഹായം : 04924 227000

ധ്യാനം ബുക്കിംഗ് (അന്വേഷണങ്ങൾക്ക്) : 04924 253496, 8281473647

### സെഹിയോൻ ടെലിവിഷൻ

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കു

ന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www.sehion.org/ web TV

**സെഹിയോൻ റേഡിയോ**

സെഹിയോൻ ശുശ്രൂഷകൾ, മാറാനാത്ത അഭിഷേകാഗ്നി പ്രോഗ്രാമുകൾ, സഭാത്മക പ്രാർത്ഥനകൾ, വിശുദ്ധരുടെ നൊവേന, ക്രിസ്തീയ ഭക്തിഗാനങ്ങൾ തുടങ്ങിയവ 24 മണിക്കൂറും സെഹിയോൻ റേഡിയോയിലൂടെ ലഭ്യമാണ്. address: www sehionradio.org

ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോണുകളിലും ഇത് ലഭ്യമാണ്.

## സെഹിയോൻ ടൗൺമിനിസ്ട്രി

മാർച്ച് 15 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**യുവജനധ്യാനം**

സെഹിയോൻ ധ്യാനകേന്ദ്രത്തിലെ എഫ്രായിം സെന്ററിൽ വെച്ച് എല്ലാ മാസത്തിന്റെയും രണ്ടാം ഞായറാഴ്ച ആരംഭിച്ച് വെള്ളിയാഴ്ച സമാപിക്കുന്നു.

ബുക്കിംഗിന് : 0491 6411467, 9495451271, 9539417417, 9885427703

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

**നോമ്പനുഷ്ഠാനം സഹജീവി ഉന്നമനത്തിനുവേണ്ടിയും**

വ്രതശുദ്ധിയിലൂടെ ആത്മവിശുദ്ധീകരണത്തിലേക്ക് നമ്മെ നയിക്കുന്ന വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുന്നു. നോമ്പിന്റെ ചൈതന്യം ഉൾക്കൊള്ളുവാൻ നമ്മെ പഠിപ്പിക്കുന്ന പ്രധാന ഉറവിടങ്ങൾ വി. ഗ്രന്ഥവും ആദിമക്രൈസ്തവ സമൂഹത്തിന്റെ ജീവിത ശൈലിയുമാണ്. കർത്താവിന് പ്രീതികരമായ നോമ്പനുഷ്ഠാനം വിശക്കുന്നവനുമായി ആഹാരം പങ്കിടുന്നതും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുന്നതും നഗ്നനെ ഉടുപ്പിക്കുന്നതും പാവപ്പെട്ടവനും അഗതിക്കും നീതിയും ന്യായവും പാലിച്ചു കൊടുക്കുന്നതുമാണെന്ന് ഏശയ്യ 58 ൽ വിവരിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ നോമ്പുകാലത്തെ പ്രായ്ശ്ചിത്തം വ്യക്തിപരവും ആന്തരികവുമായാൽ പോരാ, അത് ബാഹ്യവും സാമൂഹ്യവും ആയിരിക്കണമെന്നും വിവരിക്കുന്നു. ആദിമക്രൈസ്തവസമൂഹത്തിന്റെ നോമ്പാചരണത്തിലും വ്യക്തിപരമായ





മാനത്തോടൊപ്പം സാമൂഹ്യതലത്തിലും തുല്യപ്രാധാന്യം നല്കിയതായി കാണാം. ശൂന്യവത്കരണത്തിന്റെയും ലാളിത്യത്തിന്റെയും ആൾരൂപമായി മാറിയ ഫ്രാൻസിസ് മാർപാപ്പതന്നെ നമുക്ക് ഏറ്റവും നല്ല മാതൃകയായി നിലകൊള്ളുന്നു.

ഭവനരഹിതർക്ക് ഭവനം, വിശക്കുന്നവന് ആഹാരം, രോഗികൾക്ക് ചികിത്സ, അജ്ഞർക്ക് അറിവ്, തൊഴിലില്ലാത്തവർക്ക് തൊഴിൽ, പ്രകൃതി പരിപാലനം തുടങ്ങിയവ സഭയുടെ ശുശ്രൂഷാ ദൗത്യത്തിൽ വിശ്വാസികൾ നിർവ്വഹിക്കേണ്ട ഗൗരവമായ ഉത്തരവാദിത്വങ്ങളാണ്. സമൂഹത്തിലെ അനീതികളെ തിരിച്ചറിഞ്ഞ് പിന്നോക്കം നിൽക്കുന്നവരെ പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, ചെറുകിട കർഷകർ, തൊഴിൽ രഹിതർ, നിർദ്ധന കുടുംബങ്ങൾ എന്നിവരെ അറിവിലേക്കും തൊഴിലിലേക്കും സ്വയം പര്യാപ്തതയിലേക്കും കൈപിടിച്ചുയർത്തികൊണ്ട് പാലക്കാടിന്റെ മണ്ണിൽ നമ്മുടെ രൂപതയുടെ ഔദ്യോഗിക സാമൂഹ്യസേവന വിഭാഗമായ പി.എസ്.എസ്.പി. സഭയുടെ ഈ ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ഈ വർഷത്തെ കർമ്മപദ്ധതിയിൽ പി.എസ്.എസ്.പി. സുപ്രധാനമായി മുന്നോട്ടുവെയ്ക്കുന്ന ഒരു ഘടകം അവശരോഗീപരിചരണം, ചെറുകിട/നാമമാത്ര കർഷകരുടെ പുനരുദ്ധാരണം, ഏകസ്ത സ്ത്രീകളുടെ ഉന്നമനം എന്നിവയാണ്. ഇവ നേടിയെടുക്കുന്നതിനായി വിവിധ ഏജൻസികളുടെ സഹകരണത്തോടെ ഏതാനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അറിവിന്റെയും സമ്പത്തിന്റെയും അപര്യാപ്തതയാൽ സമൂഹത്തിന്റെ പാർശ്വങ്ങളിലേക്ക് തള്ളപ്പെടുന്നവർ നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നു.

ഈ വർഷത്തെ നോമ്പാചരണത്തിലൂടെ സ്വരുക്കൂട്ടപ്പെടുന്ന മിച്ചവരുമാനം നമ്മുടെ തന്നെ സമുദായത്തിൽ അവശതയനുവിക്കുന്നവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും ഒരു നിത്യവരുമാനം സ്വന്തമാക്കാവുന്ന സംരംഭങ്ങൾ തുടങ്ങുന്നതിനുമായി വിനിയോഗിക്കുവാൻ ഇടവകാംഗങ്ങൾ ഉദാരമായി സംഭാവന ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വർഷത്തെ നോമ്പുകാല പിരിവ് (Lentern Campign) എല്ലാ ഇടവകകളും ഈ ആവശ്യം മുൻനിർത്തി ഇടവകാംഗങ്ങളിൽ നിന്ന് പിരിക്കണമെന്നും പ്രസ്തുത മുഴുവൻ തുകയും പി.എസ്.എസ്.പി.യിൽ എല്പ്പിക്കണമെന്നും താത്പര്യപ്പെടുന്നു. നമ്മുടെ തന്നെ സഹജീവികളുടെ ഉന്നമനത്തിനായി നമുക്ക് ആവേശത്തോടെ പരിശ്രമിക്കാം. ഏവർക്കും അനുഗ്രഹീതമായ ഒരു നോമ്പുകാലവും ഉത്ഥിതന്റെ സമാധാനവും ആശംസിക്കുന്നു!

**മോൺ. ജോസഫ് ചിറ്റിലപ്പിള്ളി**
പ്രസിഡന്റ്, പി.എസ്.എസ്.പി.

**ജാക്ക് ഫ്രൂട്ട് മിഷൻ**

പി.എസ്.എസ്.പി.യുടെ നേതൃത്വത്തിൽ ഇളവംപാടത്തും ധോണിയിലും വേലിക്കാടും അട്ടപ്പാടിയിലുമുള്ള ചക്കസംസ്ക്കരണ യൂണിറ്റുകൾ ഈ സീസണിലെ പ്രവർത്തനം ആരംഭിക്കുന്നു. ചക്ക വിൽക്കുന്നതിനോ സംസ്ക്കരിക്കുന്നതിനോ താത്പര്യമുള്ളവർ വിളിക്കുക.

| | | | | |
|---|---|---|---|---|
| വേലിക്കാട് | : | 9809668147 | ധോണി | :9447180679 |
| ഇളവംപ്പാടം | : | 9446876309 | അട്ടപ്പാടി | : 9446279579 |

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 2015 മാർച്ച് 4ന് കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി.യിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 05.03.15 | വ്യാഴം | പാലക്കാട് - II | മുണ്ടൂർ (കപ്ളിപ്പാറ) | 10.30 am |
| 10.03.15 | ചൊവ്വ | പാലക്കാട്-I /മലമ്പുഴ | പി.എസ്.എസ്.പി | 10.30 am |
| 11.03.15 | ബുധൻ | മണ്ണാർക്കാട് | വെള്ളത്തോട് | 10.30 am |
| 12.03.15 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 10.30 am |
| 13.03.15 | വെള്ളി | കുഴൽമന്ദം | കണ്ണനൂർ | 10.30 am |
| 16.03.15 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 10.30 am |
| 18.03.15 | ബുധൻ | നെമ്മാറ | പാരിഷ്ഹാൾ | 10.30 am |
| 25.03.15 | ബുധൻ | ആലത്തൂർ | FCC വടക്കഞ്ചേരി | 10.30 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 09.03.15 | തിങ്കൾ | ഗൂളിക്കടവ് | 10.00am to 2.00 pm |
| 13.03.15 | വെള്ളി | കുഴൽമന്ദം (കണ്ണനൂർ) | 10.00am to 2.00 pm |
| 16.03.15 | തിങ്കൾ | ഗൂളിക്കടവ് | 10.00am to 2.00 pm |
| 17.03.15 | ചൊവ്വ | സാൻജോ ടവർ | 10.00am to 3.00 pm |
| 18.03.15 | ബുധൻ | നെമ്മാറ പാരിഷ്ഹാൾ | 10.00am to 2.00 pm |
| 19.03.15 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 10.30am to 2.00 pm |
| 23.03.15 | തിങ്കൾ | മുണ്ടൂർ (കപ്ളിപ്പാറ) | 10.00am to 2.00 pm |
| 25.03.15 | ബുധൻ | FCC വടക്കഞ്ചേരി | 10.30am to 2.00 pm |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് PSSP നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് PSSP ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.





**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം**

നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുല്പന്നങ്ങൾ (10തരം ഉല്പന്നങ്ങൾ) എന്നിവയുടെ നിർമ്മാണവും വിപണനവും പരിശീലനവും PSSP നൽകി വരുന്നു. രണ്ടു ദിവസം നീണ്ടു നിൽക്കുന്നതാണ് പരിശീലനം. ആവശ്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

**ഈ മാസത്തെ പരിശീലനങ്ങൾ**

| | | | |
|---|---|---|---|
| 02.03.15 - തിങ്കൾ | : | കോട്ടായി - | മെഴുകുതിരി നിർമ്മാണം |
| 14, 15.03.2015 - ശനി, ഞായർ | : | തൃപ്പാളൂർ - | സോപ്പു നിർമ്മാണം |
| 21, 22.03.2015 - ശനി, ഞായർ | : | ചന്ദ്രനഗർ - | സോപ്പു നിർമ്മാണം |

**ലോക വനിതാദിനാഘോഷം**

2015 മെയ് 7-ാം തീയ്യതി ശനിയാഴ്ച വിവിധ പരിപാടികളോടെ ഈ വർഷത്തെ ലോക വനിതാദിനാഘോഷം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. മിഷൻ സ്ക്കൂൾ പരിസരത്തുനിന്നും പാസ്റ്ററൽ സെന്റർ വരെ സാംസ്ക്കാരിക ഘോഷയാത്ര, തുടർന്ന് പൊതുസമ്മേളനം, കലാപരിപാടികൾ എന്നിവ നടക്കും.

**നബാർഡ് വനിതാ സ്വയം സഹായ സംഘം (NWSHG)**

നിലവിൽ കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത സ്ത്രീകൾക്കുവേണ്ടി നബാർഡിന്റെ നേതൃത്വത്തിൽ PSSP ജില്ലയിൽ സ്ത്രീകളുടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. സ്വയം തൊഴിൽ, പരിശീലനങ്ങൾ നൽകി ബാങ്ക് വായ്പയോടുകൂടി ചെറുകിട സംരംഭങ്ങൾ തുടങ്ങുക എന്നതാണ് ലക്ഷ്യം. കേന്ദ്ര ഗവ. പദ്ധതിയായ ഈ അയൽക്കൂട്ടങ്ങൾ തുടങ്ങുവാനാഗ്രഹിക്കുന്നവർ PSSP ഓഫീസുമായി ബന്ധപ്പെടുക. ജില്ലയിൽ എവിടെയും സംഘങ്ങൾ തുടങ്ങി ചെറുകിട സംരംഭങ്ങൾ തുടങ്ങുവാൻ PSSP സഹായിക്കുന്നതാണ്.

**വനിതാ "ശിങ്കാരി മേളം"**

പി.എസ്.എസ്.പിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള വനിതാ ശിങ്കാരി മേളം (ബീറ്റ്സ്, കരിമ്പ) ബുക്കിംഗ് സ്വീകരിക്കുന്നു.

ബുക്കിംഗിനു വിളിക്കുക : 9497826023, 0491 2527784.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധഭാഗങ്ങളിൽ 2014-2015 വർഷത്തിൽ ആരംഭിച്ച കോഴ്സുകളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| Sl No | Course | Proposed batches | Enrolled batches |
|---|---|---|---|
| 1 | Tailor | 37 | 37 |
| 2 | Hand Embroidery | 4 | 4 |
| 3 | Machine Embroidery | 2 | 2 |
| 4 | Fabric Painting | 8 | 8 |
| 5 | Screen Printing | 8 | 8 |
| 6 | Plumbing & Sanitary Works | 2 | 2 |
| 7 | Basic Electrical Training | 2 | 2 |
| 8 | Bee Keeping | 1 | 1 |
| 9 | Fruits & Vegetable Processing & Preservation | 1 | 1 |
| 10 | Rexene/ Leather/Jute home & Office article Making | 1 | 1 |
| 11 | Bridal Jewllery Making | 1 | 1 |
| 12 | Computer Fundamental, MS Office and Internet | 1 | 1 |

**2015-2016 സാമ്പത്തിക വർഷത്തിലേക്കുള്ള സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു (വിദ്യാഭ്യാസ യോഗ്യത ആവശ്യമില്ല)**

| | കോഴ്സ് | ദൈർഘ്യം |
|---|---|---|
| 1 | ടൈലർ (ബേസിക്ക് സ്വീയിങ്ങ് ഓപ്പറേറ്റർ) (MES) | 275 മണിക്കൂർ |
| 2 | ഇമിറ്റേഷൻ ജ്വല്ലറി കിറ്റ് മേക്കർ (MES) | 80 മണിക്കൂർ |
| 3 | ജീറിയാട്രിക് നേഴ്സിംഗ് | 200 മണിക്കൂർ |

താൽപ്പര്യമുള്ളവർ നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടുക
ദി ഡയറക്ടർ, ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്, പാസ്റ്ററൽസെന്റർ, ചക്കാന്തറ, പള്ളിപ്പുറം പി.ഒ., പാലക്കാട്, ഫോൺ: 0491 2500790, 9446273703

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2015 ജനുവരി**

29 - പാലക്കാട് ജയമാതാ കോളേജിന്റെ വാർഷികദിനാഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്തു.

30 - കഞ്ചിക്കോട് അസ്സീസി സന്ന്യാസിനി സമൂഹാംഗമായ സി. മേരി റോസിന്റെ മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

- വള്ളിയോട് സെന്റ് ജോസഫ് ആശുപത്രിയും സെന്റ് മേരീസ് പോളിടെക്നിക്ക് കോളേജും സന്ദർശിച്ചു.

31 - ജെയ്ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ്ഡേ പ്രമാണിച്ച് വി. കുർബാനയർപ്പിച്ചു.

- തത്തമംഗലം സെന്റ് മേരീസ് സ്കൂൾ വാർഷികദിനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

**2015 ഫെബ്രുവരി**

1 - സന്ന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

3 - മുണ്ടൂർ യുവക്ഷേത്രയിൽ പ്രീകാനയിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

4 - മുണ്ടൂർ സെന്റ് അൽഫോൻസാ ദൈവാലയം സന്ദർശിച്ചു.

5 - മണ്ണംപേട്ട സെന്റ് മർത്താസ് സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ 9 സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലിയോടും 5 പേരുടെ രജതജൂബിലിയോടും അനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

- മണ്ണൂത്തി ഹോളിഫാമിലി ജനറലേറ്റ് സന്ദർശിച്ചു. ജൂനിയർ സിസ്റ്റേഴ്സിന് സന്ദേശം നൽകി.

6 - മുണ്ടൂർ സീനായ് ആശ്രമത്തിൽ എസ്.എഫ്.ഒ. യുടെ വാർഷിക സമ്മേളനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- മൈലംപുള്ളി ഹോളിഫാമിലി നോവിഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

7 – മുണ്ടൂർ വിമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻഷ്യൽ സി. വിൻസൻസ്യ, സി. അന്റോണിറ്റൊ, സി. എമറൻസിയ, സി. റാഫേൽ എന്നിവരുടെ വ്രതവാഗ്ദാന ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

– കയറാടി മദർ തെരേസ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. ഇടവകദിനത്തോടും സ്കൂൾ വാർഷികത്തോടും അനുബന്ധിച്ചുള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു.

8 – കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾ ഓരോരുത്തരെ ഇന്റർവ്യു ചെയ്തു.

9 – ചന്ദ്രനഗർ ഡോക്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് സന്ന്യാസിനി സമൂഹത്തിന്റെ കപ്പേളയിൽ വി. കുർബാനയർപ്പിച്ചു.

10 – കാരാപ്പാടം സെന്റ് ജോസഫ് ദൈവാലയത്തിലും പുറ്റാനിക്കാട് ദേവമാതാ ദൈവാലയത്തിലും കുട്ടികൾക്ക് മാമ്മോദീസകൾ നൽകി.

– കോക്കമംഗലം സെന്റ് തോമസ് ദൈവാലയത്തിൽ ഫാ. ജേക്കബ് കക്കാട്ടുചിറയുടെ മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് സഹകാർമ്മികത്വം വഹിച്ചു.

11 – പൊൽപ്പുള്ളി സെറാഫിക് നോവിഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

– ആയുർപാലന ഹോസ്പിറ്റൽഡേയോട് അനുബന്ധിച്ചുള്ള സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

12 – രൂപതാകാര്യാലയത്തിലെ വൈദികരോടും സ്റ്റാഫംഗങ്ങളോടുമൊപ്പം നെല്ലിയാമ്പതി സന്ദർശിച്ചു.

13 – മലമ്പുഴ കൃപാസദന്റെ വാർഷികദിനത്തോടനുബന്ധിച്ച് നടത്തപ്പെട്ട പരിപാടി ഉദ്ഘാടനം ചെയ്തു.

14 – പാസ്റ്ററൽ സെന്ററിൽ അൾത്താരസംഘത്തിന്റെയും തിരുബാലസഖ്യത്തിന്റെയും പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

– മുണ്ടൂർ സെന്റ് അൽഫോൻസ ദൈവാലയം വെഞ്ചെരിച്ചു.

15 – പരുത്തിക്കാട് പാദുവ ആശ്രമത്തിൽ പുതിയ കപ്പേള വെഞ്ചെരിച്ച് വി. കുർബാനയർപ്പിച്ചു.





16 – സെന്റ് റാഫേൽസ് കത്തീഡ്രലിൽ വിഭൂതി തിരുനാളിനോടനുബന്ധിച്ചുള്ള തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

17 – രാജഗിരി സേക്രഡ് ഹാർട്ട്, പന്തലാംപാടം നിത്യസഹായമാത, വടക്കഞ്ചേരി ലൂർദ്ദ്മാത എന്നീ ദൈവാലയങ്ങൾ സന്ദർശിച്ചു.

18 – മേരിലാന്റ് ഹോളിഫാമിലി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

19 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിച്ച സിസ്റ്റേഴ്സിനും കരിസ്മാറ്റിക് ലീഡേഴ്സിനും സന്ദേശം നൽകി.

– മേരിലാന്റ് ഹോളിഫാമിലി പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻഷ്യൽ സിനാക്സിസിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

20 – എഴുപുന്ന സെന്റ് റാഫേൽസ് ദൈവാലയത്തിൽ ഒരു മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

– മംഗലപ്പുഴ സെന്റ് ജോസഫ് മേജർ സെമിനാരി സന്ദർശിച്ച് റെക്ടറായി നിയമിതനായ ബഹു. മാത്യു ഇല്ലത്തുപറമ്പിലച്ചനെ അഭിനന്ദിച്ചു.

21 – സുൽത്താൻപേട്ട് കത്തീഡ്രൽ ദൈവാലയത്തിൽ പീറ്റർ അബീർ അന്തോണിസാമി പിതാവിനോടൊപ്പം സമർപ്പിതവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി.

22 – ചുള്ളിയാംകുളം ഹോളിഫാമിലി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

– പാലക്കാട് എക്യുമെനിക്കൽ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ മധ്യപൗരസ്ത്യ രാജ്യങ്ങളിലെ മതപീഢനത്തിന് എതിരായി നടന്ന പ്രാർത്ഥനറാലിയിൽ സംബന്ധിച്ച് സന്ദേശം നൽകി.

23 – മുണ്ടൂർ യുവക്ഷേത്രയിൽ വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

24 – പൊൽപ്പുള്ളി സെറാഫിക് കോൺവെന്റിൽ സി. ബോസയുടെ മൃതദേഹ സംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.